# ലിറ്റിൽ ഫ്ലവർ കോൺവന്റ് ഹൈസ്കൂൾ ഇരിങ്ങാലക്കുട



# TECH BEATS

## LITTLE KITES 2018-19



# വിശുദ്ധ കൊച്ചുത്രേസ്യ വിദ്യാലയത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ



# വി. ചാവറ കുര്യാക്കോസ്സ്
# ഏലിയാസച്ചൻ - വിദ്യാഭ്യാസാചാര്യൻ

# VISION

**Moulding a generation with equanimity to rely on the providence of GOD through which they can be self confidence to transform the society.**

# MISSION

**To enhance value based education for the empowerment of women and children through wisdom and liberation.**

# ആശംസ

*ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ വിദ്യാലയത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ ഹൈടെക് പദ്ധതിയുടെ ഭാഗമായി "ടെക്ബീറ്റ്സ് " പുറത്തിറങ്ങുന്നു. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളുടെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർവാത്മകവുമാക്കാൻ അണിയറ ശില്പിക്കൾക്ക് സാധിക്കട്ടെ. ഈ വിദ്യാലയത്തിൽ പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മകത വെളിച്ചത്ത് കൊണ്ടുവരിക എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഈ മാഗസീനിലൂടെ ആരംഭം കുറിച്ച അദ്ധ്യാപിക - വിദ്യാർത്ഥി കൂട്ടായ്മക്ക് സർവ്വമംഗളങ്ങളും അനുഗ്രഹാശംസകളും നേരുന്നു.*

**ഹെഡ്മിസ്ട്രസ്**
**സി.റോസ്‌ലറ്റ് CMC**

# ആശംസ

*കുട്ടികളുടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മ, ഹൈടെക്ക് പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ വിദ്യാർത്ഥിനിയുടെയും അദ്ധ്യാപകരുടെയും സർഗ്ഗ സൃഷ്ടികൾ ഉൾപ്പെട്ടുത്തികൊണ്ട് ഒരു മാഗസിൻ പുറത്തിറങ്ങുന്നു. വിവിര വിനിമയ സങ്കേതിക വിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വളരെ പങ്കുവഹിക്കാനാവും. പഠനരംഗത്തും പാഠ്യേതര പ്രവർത്തനത്തിലും മികവ് പുലർത്തികൊണ്ടിരിക്കുന്ന കൊച്ചു പ്രതിഭകളുടെ സാഹിത്യവാസനങ്ങൾക്ക് പുതു വെളിച്ചം പകരാൻ ഈ മാഗസിനിലൂടെ സാധിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.*

**പി. ടി. ജോർജ്ജ്**
**പി. ടി. എ.**
**പ്രസിഡന്റ്**

# പത്രാധിപ സമിതി

- ചീഫ് എഡിറ്റർ
  (പ്രധാന അധ്യാപിക) - സി.റോസ്‌ലറ്റ്
- സ്റ്റാഫ് എഡിറ്റർ - സി.ശാലീന
- സ്റ്റുഡന്റ് എഡിറ്റർ - നന്ദന കൃഷ്ണ എസ്
- പത്രാധിപ സമിതി
  അംഗങ്ങൾ -ഐഷാനിബ എംഎൻ
  -സഹ്ദ എം സുനിൽ
  -ആൻലിറ്റ് ആന്റോ
  -അർച്ചന ടി. എം
  -അഞ്ചന എം.എസ്
  -ലക്ഷ്മിപ്രിയ കെ
  കൈമൾ
  -പൂർണിമ പി.പി
- കൈറ്റ് മിസ്റ്റ്ട്രസ് -ഫിൽസി,സ്റ്റോഫി പി




ല

# "ടെക്ക് ബീറ്റസ്"

# പത്രാധിപ സമിതി

# എഡിറ്റോറിയൽ

ആധുനിക തലമുറ സ്വന്തം മനസ്സിന്റെ ശബ്ദവും, സംവേദനവും തിരിച്ചറിയണം. ഏതാണ് നിങ്ങളെ സന്തോഷവാനും സംതൃപ്തനാക്കുന്നത് ആ വഴി തിരഞ്ഞെടുക്കുക. സമൂഹത്തിൽ ഏറ്റവും പ്രചാരമുള്ളതിനെ പിൻതുടരണം എന്ന് ഒരു നിർബന്ധമില്ല; അങ്ങനെയായാൽ ഉത്തമം. ഏറ്റവും ഇഷ്ടമുള്ളതിനെ പിൻതുടരുക; അത് നിങ്ങളുടെ വ്യക്തിത്തിനും ജീവിതത്തിനും കൂടുതൽ ഗുണകരമാകും. ഇത്തരത്തിൽ കൂടുതൽ ഉൾക്കാഴ്ചകൾക്ക് അവസരം ഒരുക്കുകയാണ് **ലിറ്റിൽ കൈറ്റ്സ്.** അംഗങ്ങൾക്കുള്ള പ്രവർത്തന ക്രമീകരണങ്ങൾ കാലഘട്ടത്തിന്റെ മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ ശ്രമിക്കുകയാണ് **ടെക്-ബീറ്റ്സ്.** ആധുനിക സാങ്കേതിക വിദ്യ ഒരുപാട് സാധ്യതകളുമായി വിദ്യാർത്ഥി മനസ്സുകളെ പ്രോജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. വിനോദത്തിനും വികസനത്തിനും ഇന്ന് സാങ്കേതികവിദ്യ കൂടിയേത്തീരൂ. അതിന്റെ അനുരണനങ്ങളാണ് ഇന്ന് ചുറ്റിലും. കണ്ടു പിടിത്തങ്ങളുടെ ഒരു വലിയ ലോകത്തിൽ ചക്രവർത്തിസ്ഥാനം അലങ്കരിക്കുകയാണ്. നൂതന സാങ്കേതിക വിദ്യകൾ. ഈ മേഖലയിലുള്ള തങ്ങളുടെ നൈപുണ്യം പ്രകടമാക്കി "**ടെക് ബീറ്റ്സ്**"മിഴിതുറക്കുകയാണ് ; ഇതിന്റെ ഇതളുകളിൽ തങ്ങിനിൽക്കുന്നത് നാളെ- യുടെ സ്വപ്നങ്ങളാണ് ; അത് സാങ്കേതിക വിദ്യയുടെ സ്പന്ദനങ്ങളാണ്. ഒപ്പം വിദ്യാർത്ഥി മനസ്സുകളുടേയും! ഉയർന്നു പറക്കാൻ ആഗ്രഹിക്കുന്ന ലോകം മുഴുവൻ പ്രതിധ്വനിക്കാൻ ആഗ്രഹിക്കുന്ന

ടെക്ക് ബീറ്റ്സിന്   അഭിനന്ദനങ്ങൾ!!!

**സി.ശാലീന**
**ചീഫ് എഡിറ്റർ**


സുപ്രധാന സംഭവങ്ങൾ
പരിസ്ഥിതി ദിന ആഘോഷം
അദ്ധ്യാപക ദിന ആഘോഷം

# ക്ലബ് ഉത്ഘാടനം





# യൂത്ത് പാർലിമെന്റ്

# വിജയോത്സവ് -2018









യുവജനോത്സവം






സംഗീത ദിനം

യോഗ ദിനം

# ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചരിത്രതാളുകളിലൂടെ....

മികവിൻെറ തിരുമുറ്റത്ത് നിറച്ചാർത്തായ് വിടർന്ന് നിൽക്കുകയാണ് ഇന്ന് ലിറ്റിൽ ഫ്ളവർ എന്ന ഈ വിദ്യാനികേതനം. വളർച്ചയുടെ പടവിൽ നിൽക്കുമ്പോൾ, കൈപിടിച്ചു നടത്തിയവരെയും താങ്ങും തണലുമായി ഒപ്പം നിന്നവരേയും സ്മരിക്കാതെ വയ്യ. പിന്നിട്ട ഇന്നലെകളുടെ മിഴിവാർന്ന വർണ്ണഭംഗി കണ്ടറിഞ്ഞ് ദലമർമ്മരങ്ങൾക്ക് കാതോർത്ത് കൃതജ്ഞതാപൂർവ്വം ഒരു ജൈത്രയാത്ര നടത്തുക ചേതോഹരമായിരിക്കും.

ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ലിറ്റിൽ ഫ്ലവർ മഠാംഗങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു പെൺകുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കും രൂപീകരണത്തിനും വേദിയൊരുക്കുക എന്നത് . ഈ സ്വപ്ന സാക്ഷാത്ക്കാരത്തിൻെറ ആദ്യപടിയായി 1923 മെയ് 28 - ാം തിയ്യതി മഠത്തിൻെറ മുൻവശത്തുള്ള തട്ടിൽ വറീതിൻെറ വീട് വാടകയ്ക്കെടുത്ത് പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു . 244 കുട്ടികളാണ് അന്ന് ഇവിടെ വിദ്യാഭ്യാസത്തിന് വന്ന് ചേർന്നത്. സി . ക്രിസ്റ്റീന ആയിരുന്നു പ്രഥമ പ്രധാനാധ്യാപിക. 1923 ഒക്ടോബർ മാസത്തിൽ സ്കൂൾ കെട്ടിടത്തിൻെറ പണിയാരംഭിച്ചു. 1926 മെയ് 31 ന് ഈ വിദ്യാലയം ഒരു പൂർണ്ണ ലോവർ പ്രൈമറി ആയി ഉയർത്തപ്പെട്ടു. ഇതിൻെറ പ്രധാന അധ്യാപികയായി ഈ നാട്ടുകാരിയായ കാളിയങ്കര വള്ളിവട്ടത്തുക്കാരൻ വറീത് റോസയെ നിയമിച്ചു. 1933 - ൽ 4 - ാം ക്ലാസ്സ് പുതിയ ഡിവിഷനും , തുടർന്നുള്ള വർഷങ്ങളിൽ 5,6,7 ക്ലാസ്സുകളും ആരംഭിച്ചു.

നാനാജാതി മതസ്ഥരുടെയും ഇരിങ്ങാലക്കുടയിലെ നല്ലവരായ നാട്ടുകാരുടെയും കൂട്ടായ ശ്രമഫലമായി മഠം കപ്ലോനായിരുന്ന പറപ്പൂക്കര ചിറയത്ത് യോഹന്നച്ചനും ഇരിങ്ങാലക്കുടയുടെ MLC ആയിരുന്ന ശ്രീ ജോർജ്ജ് പാനിക്കുളവും , സെൻററ് തോമസ് കോളേജിലെ പ്രൊഫ. ശ്രീ ജോസഫ് പെട്ട അവർകളും ചേർന്ന് അന്നത്തെ കൊച്ചി ദിവാനെ ചെന്ന് കണ്ട് അദ്ദേഹത്തിൻെറ അനുമതി പ്രകാരം 1944 ജൂൺ 7 ന് ഹൈസ്കൂളിന് ആരംഭം കുറിച്ചു. ജൂൺ 21 ന് ദിവാൻ ജിയുടെ രേഖാമൂലമുള്ള കല്പന കിട്ടി. ജൂൺ 14 ന് പുതിയ സ്കൂൾ കെട്ടിടം മഠം കപ്ലോൻ ചിറമ്മേൽ ഗീവർഗ്ഗീസച്ചൻെറ നേതൃത്ത്വത്തിൽ പണിതുയർന്നു. മഠത്തിൻെറ കിഴക്കുഭാഗത്തുള്ള കെട്ടിടത്തിൻെറ പണിക്കാവശ്യമായ മരം കിട്ടേണ്ടതിന് സിസ്റ്റേഴ്സ് കൊച്ചി രാജാവായ രവിവർമ്മയെ നേരിട്ടു കാണുകയുണ്ടായി. അദ്ദേഹത്തിൻെറ കല്പനപ്രകാരം മരം അനുവദിച്ചശേഷം 1946 ന് പുതിയ കെട്ടിടം പണിതു. ഡിവിഷനുകൾ കൂടിയതനുസരിച്ച് 1957,1959 എന്നീ വർഷങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിതു.1961 ജൂൺ 5 ന് ഹൈസ്കൂൾ വിഭാഗവും, ലോവർപ്രൈമറിയും വെവ്വേറെയായി പ്രവർത്തനംതുടങ്ങി. വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചപ്പോൾ സുഖമമായ പ്രവർത്തനം മുന്നിൽ കണ്ട് 1996 ഒക്ടോബർ 2 ന് പുതിയ 3 നില കെട്ടിടത്തിന് തറ കല്ലിട്ടു. 1999 ൽ പണിപൂർത്തിയായ ആ കെട്ടിടമാണ് ഇന്ന് നമ്മൾ കാണുന്ന ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ. 2002- ൽ un aided plus 2 അനുവദിച്ചു. 2003 -ൽ +2( സയൻസ്) ആദ്യ ബാച്ച് ആരംഭിച്ചു. ഇന്ന് നഴ്സറി മുതൽ +2 വരെ ഇംഗ്ലൂഷ് മീഡിയവും മലയാള മീഡിയവും പഠനസൗകര്യവുമായി ലിറ്റിൽ ഫ്ളവർ ഹയർ സെക്കൻെററി സ്കൂൾ ഇരിങ്ങാലക്കുടയുടെ പ്രൗഢിയായ് നിലകൊള്ളുന്നു.

## ജൂബിലി നിറവിൽ

വിദ്യാലയത്തിന്റെ രജതജൂബിലി 1948 ഏപ്രിൽ 14 ന് സാഘോഷം കൊണ്ടാടി. 1973 ൽ കനക ജൂബിലി സ്മാരകമായി രണ്ടു നിർധന കുട്ടികൾക്ക് ഭവനം നിർമ്മിച്ചു കൊടുത്തു. അതിന്റെ താക്കോൽ ദാനകർമം അഭിവന്ദ്യ പിതാവ് മാർ ജോർസഫ് കുണ്ടുകുളം നിർവഹിച്ചു. ചുറ്റുമുള്ള അഗതി മന്ദിരങ്ങളിലേക്ക് സംഭാവനകൾ നൽകി. സാധുക്കളായ 50 വിദ്യാർതികൾക്ക് വസ്ത്രം സമ്മാനിച്ചു. 1999 ലെ പ്ലാറ്റിനം ജൂബിലിക്ക് വേറിട്ടൊരു സമ്മാനമാണ് നൽകിയത്. ഒരു വൈദിക വിദ്യാർത്ഥിയുടെ പഠനചിലവിന് 15,000 രൂപ മൈനർ സെമിനാരിയിൽ ഏല്പിക്കുക എന്നതായിരുന്നു അത്

## അവാർഡുകൾ

1977-ൽ നമ്മുടെ സ്കൂളിന് വിദ്യാഭ്യാസവകുപ്പിൽനിന്നും ബെസ്റ്റ് സ്ക്കൂൾ അവാർഡ് ലഭിച്ചു. 1982 - ൽ അധ്യാപകർക്കുള്ള നാഷണൽ അവാർഡ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന സി. മേരി ജസ്റ്റിന് ലഭിച്ചു. ഡൽഹിയിൽ ഇന്ത്യൻ പ്രസിഡന്റ് ശ്രൂ സെയിൽ സിംഗിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. 1985-86 അധ്യയനവർഷത്തിലെ ഏറ്റവും മികച്ച സംസ്കൃതഭാഷാധ്യപകർക്കുള്ള പ്രഥമ അവാർഡ് ഈ വിദ്യാലയത്തിലെ ശ്രീമതി ഇന്ദിരദേവി ടീച്ചർക്ക് ലഭിക്കുകയുണ്ടായി. 1988- 89 ൽ 8 ാം ക്ലാസ്സ് വിദ്യാർത്ഥിനി കവിത ബാലകൃഷ്ണന് ഇൻഡോ സോവിയറ്റ് സംഘടനയുടെ ചിത്രരചനാ മത്സരത്തിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള നെഹ്റു അവാർഡ് ലഭിച്ചു.ഇപ്രകാരം ലഭിക്കുന്നത് കേരളത്തിന് ഇത് ആദ്യമായാണ്. ഒരു മാസം സോവിയറ്റ്

നാട്ടിൽ താമസിക്കുന്നതിനുള്ള പ്രത്യേക ആനുകൂല്യം ഈ കുട്ടിക്ക് ലഭിച്ചു.2004-2005 അധ്യയന വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ബെസ്റ്റ് PTA ആയി നമ്മുടെ PTA തെരെഞ്ഞെടുക്കപ്പെട്ടു.

2010 ൽ കേരള പുരാവസ്തു ചരിത്രസമസ്യ ഏർപ്പെടുത്തിയ ക്വിസ് മത്സരത്തിൽ നൂറിൻ റിയയും കൃഷ്ണ എൻ രവിയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.25000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും നേടി. കൊച്ചി മഹാരാജാസ്സ് കോളേജിൽ വച്ച് നടി മമ്മൂട്ടിയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി

ലിറ്റൽ ഫ്ളവർ സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടെ വിദ്യക്ഷേത്രത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ നാളിതുവരെ ഭരണസാരഥ്യം വഹിച്ച ഹെഡ്മിസ്റ്റ്ട്രസ്സുമാരുടെയും, അധ്യാപകരുടെയും അനധ്യാപകരുടെയും കരുത്തായി ഒപ്പം നിന്ന പി ടി എ യുടെയും പ്രവർത്തനങ്ങൾ നിസ്തുലങ്ങളാണ്. ഇവരുടെ പ്രയത്നത്തിന്റെ തണലിൽ വളർന്ന് ഒരു വൻ വൃക്ഷമായി പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്നു. എൽ എഫ് ഹൈസ്കൂളിലെ ഭരണസാരഥ്യം വഹിച്ചവർ

| | | | |
|---|---|---|---|
| സി.സെലിൻ | 1944 | - | 1965 |
| സി.ഡൊമിറ്റില | 1965 | - | 1969 |
| സി.അബ്രഹാം | 1969 | - | 1971 |
| സി.ക്ലറിസ | 1971 | - | 1978 |
| സി.മേരി ജസ്റ്റിൻ | 1978 | - | 1984 |
| സി.മേഴ്സി | 1984 | - | 1995 |
| സി.ജോസ്റിറ്റ | 1995 | - | 2001 |
| സി.മേഴ്സീന | 2001 | - | 2004 |
| സി.ദീപ്തി | 2004 | - | 2006 |

| | | | |
|---|---|---|---|
| സി.ആൻമരിയ | 2006 | - | 2010 |
| സി.ഫ്ലോറൻസ് | 2010 | - | 2015 |
| സി.റോസ്ലറ്റ് | 2015 | | |

സി. റോസ്ലറ്റാണ് ലിറ്റൽ ഫ്ളവർ ഹൈസ്കൂളിനെ ഇന്ന് നയിച്ചുകൊണ്ടിരിക്കുന്നത്. ഈ ഹൈടക്ക് യുഗത്തിൽ മൾട്ടിമീടിയയിലൂടെ നൂതന അറിവുകൾ ലഭ്യമാക്കുന്നതിന് വേണ്ടി 2011 -ൽ Educom ന്റെ സ്മാർട്ട് ക്ലാസ്സ്റൂമും ഇവിടെ സജ്ജമാക്കിയിരിക്കുന്നു. വിദ്യാഭ്യാസം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കാൻ ഇതിലൂടെ സാധിക്കുന്നു.

ദൈവത്തിന്റെ ശക്തവും സ്നേഹവും അനുഗ്രഹദായകവുമായ സാന്നിദ്ധ്യവും ഈ വിദ്യാലയത്തിന്റെ നാമഹേതുകയായ വി.കൊച്ചു ത്രേസ്യായുടെ സ്വർഗ്ഗീയ മാധ്യസ്ഥവും ഈ വിദ്യാലയത്തിൽ നിറഞ്ഞുനിൽക്കുന്നു. ഇവിടെ കടന്നുവരുന്നവർക്ക് ഒരു പോസറ്റീവ് എനർജി പ്രദാനം ചെയ്തു കൊണ്ട് എന്നെന്നും ഏവർക്കും ഊഷ്മളമായ വരവേൽപ്പ് നൽകുവാൻ ഈ വിദ്യാലയം ശ്രദ്ധ ചെലുത്തുന്നു.

**ഉള്ളടക്കം**


ജപമാല......18
ഇന്റർനെറ്റ്;ശ്രുതിയോ അപശ്രുതിയോ?......20
ഫിന്നിയും ഫൂൾഡോയും......23
തുറന്നിട്ട പടിപ്പുര വാതിൽ......24
സംഗീതം ഒരു വരദാനം......27
പ്രളയ മഴ......29
യാത്രാവിവരണം......30
മാതൃ സ്നേഹം......33
പ്രകൃതി......34
ഒരു ചോദ്യം കൂടി......35
ഗണിതത്തിലെ......36
ഓമന'പൈ'തൽ......36
മലയാളം എൻ പ്രിയ മാതൃഭാഷ......39
കാത്തിരിപ്പ്......40
ധ്യാനം......41
സൗഹൃദം......42
ആഗോളവത്കരണവും ഇന്ത്യയും......43
ഓർമ്മ......45
ഞാൻ ഒരു അനന്യ അത്ഭുതം......46
പ്രളയം കേരളത്തോട് തോറ്റ നിമിഷങ്ങൾ......48
നീലക്കുറിഞ്ഞി......50
യോഗശിക്ഷണം......51
സമഗ്രമായ വ്യക്തിത്വ വികസനത്തിന്......52
സ്നേഹതണൽ......55
കുഞ്ഞു മനസ്സിലെ കാരുണ്യം......56
എന്റെ അമ്മ......58
ബൈനറി സംഖ്യകളുടെ കഥ......59
'ഭാഗ്യമോ,നിർഭിഗ്യമോ?'......61
നന്മ പൂക്കുന്നൊരിടം......63
നദിയോട്......64
നാഥന്റെ വരവിനായ്......65
വിദ്യാർത്ഥികളും അച്ചടക്കവും......66
അമ്മ......68
പ്രകൃതിയാകുന്ന അമ്മേ... ക്ഷമിക്കണേ......69

വിജയമന്ത്രങ്ങൾ..........70

## ജപമാല

സെപ്റ്റംബർ കഴിഞ്ഞാൽ ഒക്ടോബറല്ലെ
ശരണമന്ത്രങ്ങൾ നിറഞ്ഞിടും മാസം
ജപമാല ശരണമന്ത്രങ്ങൾ ഉരുവിടും മാസം
അനുഗ്രഹം പെയ്തിറങ്ങും പുണ്യ
മാസം
ജപമാല റാണിയെ വാഴ്ത്തും
മാസം



ഈ അനുഗ്രഹ മാസത്തിൽ
അനുഗ്രഹമേകിടാൻ
അമ്മതൻ കാൽപാതം
കഴുകിടാം
സ്വപ്നം,സങ്കൽപ്പം,പ്രതീക്ഷകൾ
അർപ്പിക്കാൻ മാതാവിൻ കാൽപ്പാദെ

ഹൃദയനൊമ്പരങ്ങൾ ചൊല്ലിയിടാം
മാതൃവാത്സല്യത്തിൻ സ്നേഹം നുകരാം
കോടാനു കോടി ജപമാല ചൊല്ലാം
അമ്മയ്ക്ക് പിറന്നാളാശംസ നേരാം
സഹനങ്ങളെല്ലാം പൂക്കളായി ഈശോയ്ക്ക്
നല്ലൊരു പൂചെണ്ട് നൽകീടാം

ജീവിതമാകുന്ന കപ്പൽ യാത്രയിൽ

തിന്മതൻ കരിമ്പാറക്കെട്ടുകളിൽ
തട്ടിത്തകരാതെ കാത്തീടണെ
പരി. അമ്മേ...മാതാവേ...
നിൻ നാമം എന്നും വാഴ്ത്തുന്നു.

അനുഗ്രഹ വിനു
VIII A

# ഇന്റർനെറ്റ്;ശ്രുതിയോ അപശ്രുതിയോ?




വിജ്ഞാനത്തിന്റെ വിസ്മയലോകം തുറന്നു തരുന്ന നൂതന സാങ്കേതിക വിദ്യയാണ് ഇന്റർനെറ്റ്.വിജ്ഞാനത്തിന്റെ അക്ഷയഖനിയിലേയ്ക്കാണ് അതിലൂടെ പ്രവേശിക്കുക. വിജ്ഞാനം കൂടുതൽ കാര്യക്ഷമമായി ശേഖരിക്കാനും,വിന്യസിക്കാനും ചികഞ്ഞെടുക്കാനുള്ള ഒരു സ്രോതസ്സിനോടൊപ്പം പ്രസിദ്ധീകരണത്തിനുള്ള ആകർഷണീയവും ചെലവ് കുറഞ്ഞതുമായ ഒരു വേദിയും കൂടിയാണ് ഇന്റർനെറ്റ്. അറിവ് നേടാനും പ്രധാനം ചെയ്യാനും മാത്രമല്ല,കലാകായിക പ്രദർശനത്തിനും വിനോദത്തിനുമുള്ള ഒരു മാധ്യമമായി കൂടി ഇന്റർനെറ്റ് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ആശയവിനിമയത്തിന്റെ സുപ്രധാന

വേദിയായ് മാറിയിരിക്കുന്ന ഇന്റർനെറ്റ് വിജ്ഞാനവും വിനോദവും വാർത്താവിനിമയവും സമന്വയിപ്പിക്കുന്ന വേദി കൂടിയാണ്. ലോകത്തിന്റെ ഏത് കോണിലുമുള്ള വ്യക്തികളുമായി ഇന്റർനെറ്റിലൂടെ ആശയവിനിമയം സാധിക്കുന്നു. ഇന്റർനെറ്റ് തൽസമയപരവും ഉള്ളടക്കത്തെയും ദൂരത്തെയും വ്യാപനത്തെയും സംബന്ധിച്ച് അനന്തവുമാണ് എന്നാണതിന്റെ ശ്രദ്ധേയമായ സവിശേഷതകൾ.വർത്തമാനകാല ജീവിതത്തെ ഇന്റർനെറ്റിൽ നിന്നും വേർത്തിരിച്ചെടുക്കുക എന്നത് അസാധ്യമായിരിക്കുകയാണിന്ന്. ഇ-മെയിൽ, വാർത്താവായന, വിവരശേഖരണം, പാട്ടുകേൾക്കൽ, സിനിമക്കാണൽ, അവ ഡൗൺ ലോഡ് ചെയ്യൽ, ബാങ്കു ഇടപാടുകൾ നടത്തൽ, ടിക്കറ്റ് ബുക്കിങ്ങ്, കൂട്ടുകാരെ കണ്ടെത്തൽ, ബ്ലോഗ് എഴുത്ത്, ഷോപ്പിങ്ങ്............ ഇന്റർനെറ്റ് ഉണ്ടെങ്കിൽ എല്ലാമായി എന്നു പറയുന്ന കാലമാണിത്.

സാങ്കേതിക വിദ്യയുടെ വിസ്മയ പാതയിലൂടെ നാം അതിവേഗംസഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഹൈടെക് റിഥമാണ് നമ്മുടെ കുതിപ്പുകളെ നിയന്ത്രിക്കുന്നത്. എന്നാൽ ഈ സാങ്കേതിക വിദ്യ മനുഷ്യന്റെ ബോധമണ്ഡലത്തെ വികസരമാക്കുന്നുണ്ടോ എന്നും മാനസികമായും സാമൂഹികവും ആയ വളർച്ചയെ സഹായിക്കുക തന്നെയാണൊ ചെയ്യുന്നതെന്നും ആശങ്കപ്പെടാതെയും വയ്യ. മാധ്യമചിന്തകനായ മാർഷൽ മക്ലൂഹന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്. "വാക്കുകളും അക്ഷരങ്ങളുമായി വന്ന സാക്ഷരതയെ

അഭിമുഖീകരിച്ചപ്പോൾ വനാന്തരത്തിലെ ആദിവാസികളുടെ അതേ വിഭ്രമാത്മകതയാണ് പുതിയ മാദ്ധ്യമങ്ങളെയും അവയുടെ സാങ്കേതിക വിദ്യയേയും നേരിടേണ്ടിവന്നപ്പോൾ ആധുനിക മനുഷ്യനും ഉണ്ടായത്. പുതിയ വിവരങ്ങളും ആശയവ വിനിമയ സാങ്കേതിക വിദ്യകളും വിവര വിനിമയത്തിന്റെ പാറ്റേണും മനിഷ്യനെ അവൻ ജീവിച്ചുവളർന്ന സാമൂഹികാന്തരീക്ഷത്തിന്റെ പുറത്താക്കുന്നു."

കൂടുതൽ നല്ല ആശയവിനിമയത്തിലെക്ക് നയിക്കാൻ കഴിയുന്ന ഇന്റർനെറ്റിന് വർദ്ധമനായ സ്വാർത്ഥതയിലേക്കും ഒറ്റപ്പെടലിലേക്കും നമ്മെ നിപതിപ്പിക്കുവാൻ കഴിയും, വ്യക്തിബന്ധങ്ങളോട് വിട പറഞ്ഞ് ഇന്റർനെറ്റിന് അടിമകളായി മാറുന്നവർക്ക് മാനസിക പക്വതയോടെ വ്യപാരിക്കാൻ സാധിക്കാതെ വരുന്നു. പരസ്പരമുള്ള ജൈവതല ആശയവിനിമയം കുറയുന്നതോടെ അനുദിന വ്യപാരങ്ങളിൽ സ്വാഭാവികമായി ഊർജ്ജസ്വലത നഷ്ട്ടപ്പെട്ടവരായി മാറുകയും യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നു ജീവിക്കാൻ ഇടയാവുകയും ചെയ്യുന്നുണ്ട്. ഇന്റർനെറ്റ് നിശ്ചയമായും അറിവിന്റെ കവാടം നമുക്കു തുറന്നു തരുന്നു. എന്നാൽ അത് മൂല്യങ്ങൾ പകർന്നു തരുന്നില്ല. അത് തീർക്കുന്ന ചതിക്കുഴികളാണ് യഥാർത്ഥത്തിൽ കൂടുതൽ ആപൽക്കരം. മൂല്യങ്ങൾക്ക് മുൻഗണന നൽകാതെ വരുമ്പോൾ നാം മാനുഷികമായി അധഃപതിക്കുകയും അനന്തതയിലേക്കുള്ള നമ്മുടെ പ്രയാണത്തിന് മാർഗ്ഗഭ്രംശം സംഭവിക്കുകും ചെയ്യുന്നു.

അതിനാൽ മഹത്തായ  ഈ നവീന സാങ്കേതിക വിദ്യ പൊതുനന്മയ്ക്കുതകും  വിധം ആർക്കും ഉപദ്രവമാകാത്ത രീതിയിൽ ഉപയോഗിക്കാൻ നാം ബാധ്യസ്ഥരാണ്. അത് നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയുടെ ഭദ്രതയ്ക്കായി ജാഗരൂകരായി നാം അനുഷ്ഠിക്കേണ്ട പ്രതിബദ്ധതയായി തന്നെ കരുതേണ്ടതാണ്.

ഹൈടെക് ഉപയോഗം ജീവിതത്തിൽ ഒരുപാടൊരുപാട് ഗുണഫലങ്ങൾ പകുത്തുതരുന്നതോടൊപ്പം അപശ്രുതികളെയും ഇടകലർത്തുന്നുണ്ട്. ഹൈടെക് യുഗത്തിന്റെ അമിത വേഗത്തിൽ എല്ലാ കാര്യങ്ങളും നടത്തുവാനുള്ള വ്യഗ്രത ജീവിതത്തിലെ ഊഷ്മള ഭാവങ്ങൾ ചോർത്തി കളയുന്നു എന്നതാണ് പാർശ്വവിപത്തുകളിൽ മുഖ്യം. ഒരു യാന്ത്രിക മനോഭാവം ഇതിലൂടെ ജീവിത്തിൽ കടന്നുകൂടുന്നു. ഇന്റർനെറ്റിലെ ഫെയിസ് ബുക്കും, ട്വിറ്ററും സുഹൃദ്ബന്ധങ്ങളുടെ വലയം വികസിതമാക്കുന്നുണ്ട്. എന്നാൽ സ്വകുടുംബത്തിലെ അംഗങ്ങളോടും അയൽവാസികളോടുമുള്ള ഹൃദയ അകലം വർദ്ധിക്കുന്നുവോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു....

അപരനുവേണ്ടിയുള്ള സ്നേഹപൂർവ്വകമായ കാത്തിരിപ്പും കരുതലും അതിലേ സഹിഷ്ണുതയും പരോന്മുഖതയും അന്യമാകാതെ നമ്മുടെ ജീവിത വഴിത്താരയിൽ പ്രകാശധാര പകരുന്നുവെങ്കിൽ ഇൻർനെറ്റ് ഉപയോഗം പക്വമാർന്നതാണ്. അപ്പോൾ സ്നേഹത്തിന്റെ മേച്ചിലിടങ്ങളാകേണ്ട കുടുംബവും തൊഴിൽശാലകളും അരക്ഷിതാവസ്ഥയുടെ കനൽഭൂമികളായിമാറില്ല , പകരം

കരുതലും കാവലും നിറഞ്ഞുനില്ക്കുന്ന സ്നേഹത്തിന്റെ ഊഷ്മള  ഭൂമികയായി മാറും പക്വമാർന്ന ഹൈടെക് റിഥത്തിന്റെ താളാത്മകതയിൽ നമ്മുടെ ജീവിതനൗക സുരക്ഷിതമായി തീരം പുല്കട്ടെ!

സി. ധന്യ CMC

സോഷ്യൽ സയൻസ് അധ്യാപിക

# ഫിന്നിയും ഫുൾഡോയും



ഗ്രാമത്തിലെ ഒരു വീട്ടിലാണ് ഫിന്നി എന്ന പൂച്ചക്കുട്ടിയുടെയും ഫുൾഡോ എന്ന നായക്കുട്ടിയുടെയും താമസം ."ഞാനാ നിന്നേക്കാൾ കേമൻ എല്ലാ വർക്കും നിന്നേക്കാൾ ഇഷ്ടം എന്നോടാ"ഫുൾഡോ എപ്പോഴും വീമ്പടിക്കും, ഫിന്നി ഒന്നും മിണ്ടില്ല . ഒരു ദിവസം എവിടെ നിന്നോ ഒരു തടിയൻ നായ കുരച്ചു കൊണ്ട് അതുവഴി വന്നു . രണ്ടുപേരും പേടിച്ചുപോയി ഫിന്നി ഓടി ഒരു മരത്തിൽ കയറി .ഫുൾഡോ എങ്ങനയൊക്കെയോ ഓടി തൻെറ കൂട്ടിലെത്തി ഒളിച്ചിരിന്നു കുറച്ചു കഴിഞ്ഞപ്പോൾ തടിയൻ നായ അവിടെ നിന്നും ഓടിപ്പോയി. ഈ തക്കത്തിന് ഫുൾഡോ പുറത്തിറങ്ങി" നീ വലിയ കേമനാണെന്ന് വീമ്പടിച്ചിട്ട് എന്തിനാ ഓടിയത് ?” ഫിന്നി ചോദിച്ചതുകേട്ട് ഫുൾഡോ തലകുനിച്ചു.

ജസ്‌ലിൻ എ.ജെ
VI A

## തുറന്നിട്ട പടിപ്പുര വാതിൽ

രാവിലെ പതിവിലും നേരത്തെയാണ് സരസ്വതി ഉണർന്നത് എന്തെന്നാൽ ഇന്നാണ് മോളുടെ ഡാൻസ് ടീച്ചർക്ക് ഫീസ് നൽകേണ്ടത്.ഫീസ് കൊടുക്കാനാണെങ്കിൽ പണവും ഇല്ല.കുഞ്ഞുനാൾ തൊട്ടെ അവളെ നൃത്തം അഭ്യസിപ്പിച്ച് പോരുന്നതാണ് എന്തിനൊക്കെ മുടക്ക് വന്നാലും അതിനുമാത്രം ഒരു മുടക്ക് വരാൻ അവൾ സമ്മതിച്ചിട്ടില്ല."പണമില്ലാത്ത



സമയത്ത് എന്തിനാ സരസ്വതി കൊച്ചിനെ നൃത്തം പഠിപ്പിക്കുന്നത്?"എന്ന് അമ്മ ചോദിക്കുമ്പോഴും അവൾ ഉത്തരം പറയാറില്ല. പലരും ചോദിച്ച ഈ ചോദ്യത്തിന് ഇത് വരെ ഉത്തരം കൊടുത്തിട്ടുമില്ല. ചെറുപ്പം തൊട്ടെ ഒരു നർത്തകി ആവണമെന്നാണ് സരസ്വതി ആഗ്രഹിച്ചത് നൃത്തം ഏതാണ്ട് പഠിച്ച് കഴിഞ്ഞപ്പോഴാണ് തടസ്സവുമായി അമ്മാവൻ വന്നത് "എന്തിനാ ബാലേട്ടാ ഇവളെ ഇങ്ങനെ നൃത്തം പഠിപ്പിക്കുന്നത് കല്ല്യാണപ്രായായല്ലൊ സരസ്വതിക്ക് , ഒരാളെ കണ്ട് പിടിച്ച് ഏൽപിക്കല്ലെ വേണ്ടെ ......" അമ്മാവന്റെ ഈ വർത്തമാനം അച്ഛൻ

ശരിവെച്ചു.അങ്ങനെയാണ് ആ ചെറുപ്രായത്തിൽ 'പുത്തനിയിലെ' നന്ദന്റെ ഭാര്യയായത് . താൻ സ്വപ്നം കണ്ടത് ഒരിക്കലും സാധിച്ചില്ല. തന്റെ മകളിലൂടെ സാധിക്കാൻ വേണ്ടിയാണ് ഈ കൊടിയ ദാരിദ്രത്തിലും മകളെ നൃത്തം അഭ്യസിപ്പിക്കാനയക്കുന്നത്. സത്യം പറഞ്ഞാൽ അത് തനിക്ക് തന്നെ അഭ്യസിപ്പിക്കാവുന്നതെ ഉള്ളൂ പക്ഷേ മോൾക്കും അമ്മയ്ക്കും എന്തിന് ;നന്ദേട്ടനുപോലും അറിയില്ല തനിക്ക് നൃത്തം അറിയുമെന്ന് അത് വെളിപ്പെടുത്താനും താൽപര്യമില്ല. ആലോചിച്ചാലോചിച്ച് സമയം പോയതറിഞ്ഞില്ല നന്ദേട്ടൻ പണം അയക്കാം എന്ന് പറഞ്ഞതാണ് ഇത് വരെ എത്തിയിട്ടില്ല . ഇനി എന്ത് ചെയ്യും എന്റെ ഭഗവതി... സരസ്വതി നടന്ന് ചെന്ന് അമ്മയുടെ മുറിയിൽ എത്തി അപ്പോൾ അവർ രാമായണം വായിക്കുകയായിരുന്നു. അമ്മയ്ക്ക് ചായ കൊടുത്തതിന് ശേഷം മോളെ വിളിക്കാനായി പോയി. രാവിലെയാണ് അവൾക്ക് നൃത്തക്ലാസുള്ളത്. സരസ്വതി നേരെ മുറിയിലേക്ക് ചെന്നു . അപ്പോൾ മകൾ മുടിചീകി വെക്കുകയായിരുന്നു.സരസ്വതി പുഞ്ചിരിച്ച് കൊണ്ട് ചോദിച്ചു.

"മാളു ഇന്ന് നേർത്തെണീറ്റൊ ?"

"ആ അമ്മെ ,അമ്മെ ഫീസ് കൊടുക്കേണ്ട തീയതി ഇന്നാ... മറന്ന്വൊ മാത്രല്ല ആ ക്ലാസിൽ ഏറ്റവും നന്നായി നൃത്തം ചെയ്യണകുട്ടി ഞാനാ അമ്മെ "

"അമ്മേടെ മോള് നന്നായി കളിക്കണട്ടൊ, ഫീസ് അച്ഛൻ വന്നിട്ട് തരാ, എന്താ "

"ശരി അമ്മെ, എനിക്ക് പോവാൻ നേരായി "
മോളെ പറഞ്ഞയച്ചതിന് ശേഷം സരസ്വതി തന്റെ ജോലിയിലേക്ക് കടന്നു. എല്ലാം കഴിഞ്ഞ് വൈകുന്നേരം തുളസിത്തറയിൽ തിരിവെച്ചു. പടിപ്പുരവാതിൽ ഒന്ന് തുറന്നിട്ടേക്കാം എന്ന് വിചാരിച്ച് അവൾ പടിപ്പുരവാതിൽ തുറന്നു. അപ്പോഴാണ് അതിലൂടെ വരുന്ന മല്ലിക ടീച്ചറെ കണ്ടത്
"മല്ലിക എന്തുണ്ട് വിശേഷം."
"നന്നായിരിക്കുന്നു സരസ്വതി, ആട്ടെ ഇന്നല്ലെ ഫീസ് തരെണ്ട തീയ്യതി,തന്നില്ലല്ലൊ "
"ടീച്ചറെ കുറച്ച് ദിവസത്തെ സമയം കൂടി തരണം നന്ദേട്ടൻ പണം അയച്ചിട്ടില്ല്യ "
"എനിക്കറിയാം സരസ്വതി,നീ എന്തിനാ മോളെ എന്റരികിലേക്കയക്കണ് നിനക്ക് തന്നെ പഠിപ്പിച്ചാപ്പോരെ"
"ടീച്ചർക്കെങ്ങനെ അറിയാം എനിക്ക് നൃത്തം അറിയാമെന്ന് "
സരസ്വതി ആകെ സംശയത്തിലായി
"നീ മറന്നാലും ഞാൻ നിന്നെ മറക്കില്ല സരസ്വതി. ഡാൻസ് ക്ലാസിലെ മിടുക്കിയല്ലെ നീ. നിനക്കെന്നെ മനസ്സിലായില്ലെ ഞാൻ നിന്റെ മല്ലിയാ."
"മല്ലി...എനിക്ക് നിന്നെ മനസ്സിലായില്ല എന്നോട് ക്ഷമിക്കില്ലെ നീയ് "
സരസ്വതിക്ക് വല്ലാത്ത സന്തോഷമായി തന്റെ മിത്രത്തെ കണ്ടതിൽ.
"ശരി ശരി ഞാൻ ഇവിടുന്ന് സ്ഥലം മാറി പോവ്വാ കുട്ടികളെല്ലാം പാതിവെച്ച് നൃത്തപഠനം നിർത്തുന്നത്

എനിക്ക് വളരെ സങ്കടാ ഞാൻ അവരെയെല്ലാം നിന്റെ വീട്ടിലേക്കയക്കട്ടെ, നീ മറുത്തൊന്നും പറയണ്ട"
"മല്ലി അതുവേണ്ടടി മല്ലി, മല്ലി ഒന്ന് കേൾക്ക് "
മല്ലിക ഒന്നും കേൾക്കാതെ വേഗത്തിൽ നടന്നു. സരസ്വതി തിരിച്ച് തുളസിത്തറയിലേക്ക് വന്ന് അവിടെ കത്തുന്ന തിരിയിലേക്ക് നോക്കി മന്ത്രം ജപിക്കാൻ തുടങ്ങി.സന്ധ്യയുടെ അവസാനത്തിൽ നന്ദൻ വീട്ടിലേക്ക് വന്നു. അത്താഴം ഉണ്ണാനിരുന്നപ്പോൾ അമ്മയോടും നന്ദനോടും സരസ്വതി കാര്യങ്ങൾ പറഞ്ഞു. ആദ്യം കുറച്ച് കളിയാക്കിയെങ്കിലും അവർ സമ്മതിച്ചു. സരസ്വതിക്ക് ആകെ സന്തോഷമായി. അവൾ അടഞ്ഞ് കിടക്കുന്ന പടിപ്പുര വാതിൽ ഒന്ന് നോക്കി എന്നിട്ട് സ്വയം പറഞ്ഞു" അടഞ്ഞ് കിടന്ന നിന്നെ തുറന്ന് ഞാൻ നോക്കിയപ്പോൾ എനിക്ക് ഭാഗ്യം വന്നു. എല്ലാം ഭഗവാന്റെ കളി " പിറ്റേ ദിവസം രാവിലെ എഴുന്നേറ്റ് അവൾ പടിപ്പുര വാതിൽ തുറന്നപ്പോൾ,  അവിടെ തന്നെ കാത്ത് നിൽകുന്നതെന്നോണം ഇരുപതോളം കുട്ടികളും അവരുടെ രക്ഷിതാക്കളും കാത്ത് നിൽപ്പുണ്ടായിരുന്നു. അവരെല്ലാം പുതിയ നൃത്ത അധ്യാപികയെ കാണാൻ വേണ്ടി വന്നതാണെന്ന് മനസ്സിലാക്കാൻ അധികം ആലോചിക്കേണ്ടി വന്നില്ല. കുട്ടികളെയെല്ലാം അകത്തിരുത്തി,രക്ഷിതാക്കളോടെല്ലാം സംസാരിച്ചു. രക്ഷിതാക്കൾ മടങ്ങിയപ്പോൾ അവൾ ആ പടിപ്പുര വാതിൽ അടച്ചില്ല അത് എന്നും സന്ധ്യവരെ തുറന്നിടാൻ അവൾ തീരുമാനിച്ചു അച്ഛന്റെ പതിവ് പോലെ. അങ്ങനെ സരസ്വതി ടീച്ചറുടെ ശിക്ഷണം സ്വീകരിക്കാൻ ഇന്നും

ഒരുപാട്  കുട്ടികൾ ആ പടിപ്പുര വാതിൽ കടന്ന് വന്നു കൊണ്ടിരിക്കുന്നു.

പി.എ മെഹന
IX B

## സംഗീതം ഒരു വരദാനം




സംഗീതം - ഈശ്വരൻ മനുഷ്യന് കനിഞ്ഞ് നൽകിയ ഏറ്റവും ഉദാത്തമായ വരം. ഇമ്പത്തെ പ്രദാനം ചെയ്യുന്ന ധ്വനി വിശേഷമാണ് സംഗീതമെന്ന് നിർവ്വചിക്കാം .പണ്ഡിതപാമരഭേദമില്ലാതെ ആബാലവൃദ്ധം പേരും,മാത്രമല്ല പക്ഷി മൃഗാദികൾപോലും ഒരുപോലെ രസിക്കുന്ന ഒരു കലയാണ് സംഗീതം. അത് മനുഷ്യന്റെ വികാരങ്ങളെ നാദരൂപത്തിൽ പ്രകടിപ്പിക്കുന്നതിനാൽ അതിനെ ഒരു പ്രകൃതിഭാഷയെന്ന് വിളിക്കാം.

3000 വർഷങ്ങൾക്കുമുമ്പ് സംഗീതം ഉത്ഭവിച്ചിരിക്കുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഭരതമുനിയുടെ നാട്യശാസ്ത്രമാണ് സംഗീതത്തിന് ശാസ്ത്രീയമാനം നല്കിയ ആദ്യകൃതി. പിന്നീട് ശാർങ്ങഗദേവന്റെ സംഗീതരത്നാകരം, രാമമാത്യന്റെ സ്വരമേള ,കലാനിധി സോമനാഥന്റെ രാഗവിബോധം, വെങ്കിടമഖിയുടെ ചതുർദണ്ഡിപ്രകാശിക എന്നീ ഗ്രന്ഥങ്ങളെ അനുസരിച്ചാണ് ഇന്ന് സംഗീതം പ്രയോഗിക്കുന്നത്.

ഒരു മികച്ച ഗായകന്റെ കണ്ഠത്തിൽ നിന്നോ, ഒരു വാദ്യകലാകാരന്റെ വിരലുകളിൽനിന്നോ നിർഗളിക്കുന്ന

ശ്രുതിശുദ്ധമായ സംഗീതത്തിൽ നിന്നും നമുക്ക് പകർന്നു കിട്ടുന്ന ആനന്ദം, അളവില്ലാത്തതും അനിർവചനീയവുമായിരിക്കും. അപ്രകാരമുള്ള ഒരു സംഗീതവിരുന്നിലൂടെ യഥാർത്ഥമായ ശാന്തിയും സ്നേഹവും സാഹോദര്യവും എന്തെന്ന് നാം തിരിച്ചറിയുന്നു. അവ നമ്മുടെ ഹൃദയത്തെ ആർദ്രമാക്കുന്നു. വിശുദ്ധിയിലേക്ക് നയിക്കുന്നു. സംഗീതത്തിന്റെ നാദവീചികൾ മനുഷ്യമനസ്സുകളിൽ അനുരണനം ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ആന്ദവും അതിലൂടെ ലഭിക്കുന്ന മനഃശാന്തിയുമാണ് സംഗീതത്തിന്റെ പരമമായ ലക്ഷ്യം.
സംഗീതം ധ്വനപ്രധാനമായ ഒരു ലളിത കഥയാണ്. അത് ആലപിക്കാനുള്ള ശേഷിപോലെ തന്നെ ഉത്കൃഷ്ടമായ ഒരു ഗുണമാണ് ശുദ്ധസംഗീതം. അതിന്റെ തനിമയോടെ ആസ്വദിക്കാൻ കഴിയുക എന്നത്. സംഗീതം എന്ന പദത്തിൽ ഗീതം, വാദ്യം, നൃത്തം എന്നീ മൂന്ന് പദങ്ങൾ-മൂന്ന് കലകൾ-ഉൾപ്പെടുന്നു. അവയിൽ നൃത്തകല വേർതിരിച്ച് വാദ്യം, ഗീതം ഇവ സംഗീതത്തിൽ ഉൾപ്പെടുന്നു. രാഗം, താളം, ശ്രുതി ഇവ ചേർന്നതുകൊണ്ടാണ് സംഗീതം എന്ന പേര് കിട്ടിയത്. മനുഷ്യന്റെ ഉൻമേഷത്തെ ഉണർത്താനുള്ള ഔഷധമാണ് സംഗീതം. അധ്വാനഭാരം ലഘൂകരിക്കാനുള്ള മറുമരുന്നാണത്. തുടർച്ചയായ സംഗീത അഭ്യാസം കൊണ്ട്, ശ്രവണം കൊണ്ടും ഒരുവൻ കാലക്രമത്തിൽ സത്യസന്ധനും അഹിംസാവാദിയും ആയിത്തീരുന്നു. ഈശ്വരവിശ്വാസം, സാഹോദര്യം, കരുണ, സ്നേഹം എന്നീ

ഗുണവിശേഷങ്ങൾ മനുഷ്യനിൽ വളരുവാൻ സംഗീതശ്രവണം മൂലം സാധിക്കുന്നു.
സംഗീതത്തിന്റെ ഉത്ഭവം സാമവേദത്തിൽനിന്നാണ്- വേദ മന്ത്രങ്ങളുടെ ഉച്ചാരണത്തിൽ നിന്നും നൂറ്റാണ്ടുകളിലൂടെ സ്വാഭാവികമായി രൂപപ്പെട്ടു വന്നതാണ് സപ്തസ്വരങ്ങൾ-ഭാരതം അംഗീകരിച്ചിട്ടുള്ള രണ്ട് സംഗീത ശാഖകളാണ് കർണ്ണാടകസംഗീതവും ഹിന്ദുസ്ഥാനിസംഗീതവും. ഏഴുസ്വരങ്ങളും അവയിൽനിന്നും ഉൽഭൂതമാകുന്ന രാഗങ്ങളുമാണ് ഈ രണ്ട് സമ്പ്രദായങ്ങളുടെയും കാതലായ ഭാഗം - സോപാനസംഗീതംഎന്ന കേരളസംഗീതം ഇവയിൽനിന്നും വ്യത്യസ്ഥമായ ഒരു സരണിയാണ്. ശാസ്ത്രീയസംഗീത പഠനത്തിന്റെ ആവശ്യകതയുണ്ടോ? ഉണ്ട്. തന്റെ ചുറ്റുപാടുകളിൽ നിന്നും കുട്ടി ആർജ്ജിച്ചെടുത്ത ആശയവിനിമയശേഷി പൂർണ്ണമാകുന്നത് അർത്ഥസംമ്പുഷ്ടമാകുന്ന വിദ്യാലയപഠനത്തിലൂടെ ആണല്ലോ. അതുപോലെ ജന്മസിദ്ധമായ സംഗീതവാസനയുള്ള ഒരു കുട്ടിക്ക് അവന്റെ ചുറ്റുവട്ടത്തിനിന്നും കേൾക്കുന്ന പല വിധത്തിലുള്ള പാട്ടുകളും പാടാൻ പറ്റുമെങ്കിലും ശാസ്ത്രീയമായി പഠിക്കുമ്പോൾ മാത്രമാണ് സംഗീതത്തിന് അനിവാര്യമായ ശ്രുതി, താളം, സ്വരം എന്നിവയേപ്പറ്റി ശരിയായ അറിവ് ലഭിക്കുന്നത്. സപ്തസ്വരങ്ങളിൽ നിന്നും രാഗംഉണ്ടാവുന്നത് എങ്ങനെ, ഒരെ സ്വരത്തിൽ വ്യത്യസ്തരാഗങ്ങൾ ഉണ്ടാവുന്നതെങ്ങനെ എന്നെല്ലാം മനസ്സിലാക്കുന്നു.

നിത്യവും സംഗീതം സാധകം ചെയ്യുമ്പോൾ പാടാനുള്ള ശേഷി, സ്വരമാധുരി എന്നിവ വർദ്ധിച്ചുവരുന്നു. ജന്മസിദ്ധമായ സംഗീതം ആരിൽ നിക്ഷിപ്തമായിരിക്കുന്നുവോ അവരുടെ ആലാപനം കേൾവിക്കാരനെ കീഴ്പ്പെടുത്തുകയും അവരിൽ ആഹ്ലാദം ഉണർത്തുകയും ചെയ്യുന്നു.

രതീദേവി പി

സംഗീത അദ്ധ്യാപിക

## പ്രളയ മഴ



വിരഹത്തിൻ പടിവാതിൽ
വിതുമ്പുന്ന നാം
കരൾനോവും ഗഗനത്തിൽ
കഥകേട്ടിട്ട്...
അറിയുന്ന ലോകത്തിൻ
അറിയാത്ത മുഖമായി
എരിയുന്ന ഓർമകൾ പങ്കുവച്ചു...
ആകാംക്ഷവിരിയിക്കും പുതുലോകനന്മകൾ
ചിറകൊടിഞ്ഞ കിനാവുകളിൽ മുഴുകുന്നിതാ...
വീഴുന്ന തുള്ളികൾ വാടുന്ന പൂവിനാൽ
കേരളനന്മയ്ക്ക് പ്രഥമാശയം...
അഴകായെഴുതുന്നൊരാനനം മാത്രമെന്ന-
റിയാതെ ചിന്തിക്കയായി ഞങ്ങൾ...
നുകരാതെ നുകരുന്ന കടൽക്കാഴ്ച്ചകൾ
പറയാതെ പൊങ്ങുന്ന പുതുനോവുൾ...
ഇരുകാതുകോർത്താലും അകലാത്ത വേദന
ഖിന്നമായി ഇന്നിതാ പൊങ്ങീടുന്നു...
ദൈവത്തെ ആദരിക്കാത്ത നൽവ്യക്തിയും
ദൈവത്തിലാശ്രയം പ്രാപിച്ചിടും...
കോടികൾ കൊണ്ടു കൊട്ടാരം പണിതവർ
വാളിന്റെ മൂർച്ചയാൽ മണ്ണിലാഴും...
എന്തിനീ വേദന എന്തിനീ ക്രൂരത
മാനവ ഹൃത്തിനെ തീർത്തെടുക്കാൻ...

അശ്വതി കെ പി

## യാത്രാവിവരണം



വെക്കേഷൻക്കാലത്തെ ഒരു നല്ല ദിവസം.അന്ന് ഉച്ചയായപ്പോഴേക്കു എൻെറ കുടുംബാംഗങ്ങളെല്ലാവരും അവരവരുടെ കർത്തവ്യത്തിലേക്ക് കടക്കുന്നു.അന്ന് വൈകുന്നേരത്തെ ട്രേയിനിനാണ് ഞാനും എന്റെ കുടുംബവും ഗുജറാത്തിലേക്ക് ഞങ്ങളുടെ ആന്റിയുടെ ഫ്ളാറ്റിലേക്ക് പോകുന്നത്.അമ്മയും മേമയും ട്രെയിനിൽ ഇരുന്ന് കഴിക്കാനുള്ള ഭക്ഷണങ്ങൾ തയ്യാറാക്കുന്നു.അമ്മൂമ ഞങ്ങളുടെ വസ്ത്രങ്ങൾ ബാഗിൽ അടക്കി വയ്ക്കുന്നു.ഞാൻ എന്റെ കുട്ടുക്കാരോട് യാത്ര പറയുന്നു.എല്ലാവരും നാലു മണിക്കുതന്നെ കുളിച്ചൊരുങ്ങി. നാലു മണിക്കാണ് ട്രെയിൻ.ഞങ്ങൾ

നാലേമുക്കാലിനു തന്നെ സ്റ്റേഷനിലെത്തി.കൃത്യം അഞ്ചു മണിക്ക് ട്രെയിൻ വന്നു.ഞങ്ങൾ സാധനങ്ങളും,ബാഗും ട്രെയിനിൽ വച്ചു.കൂടെ കൊണ്ടുവിടാൻ വന്നവരോട് യാത്രപറഞ്ഞ് പുറപ്പെട്ടു.പിറ്റേദിവസം നാലിനു തന്നെ ട്രെയിൻ ഗുജറാത്തിലെ ഒരു സ്റ്റേഷനിലെത്തി.മാമൻ ഞങ്ങൾക്കുവേണ്ടി അവിടെ കാത്തു നിൽക്കുന്നുണ്ടായിരുന്നു.ഞങ്ങൾ എല്ലാ സാധനങ്ങളും പുറത്തെ തൂണിൽ കൊണ്ട് വച്ചു.എന്നിട്ട് ഒരു ജ്യൂസ് കുടിച്ച് അവിടേനിന്ന് യാത്രയായി.ഫ്ലാറ്റിലെത്തിയപ്പോൾ ആന്റിയും കസിനും ഞങ്ങളേയും കാത്ത് പുറത്ത് നിൽക്കുന്നുണ്ടായിരുന്നു.

അകത്തേക്ക് ചെന്ന് കുളിച്ച് ഭക്ഷണം കഴിച്ച് ചേട്ടന്റെയും ചേചിയുടെയും കൂടെ ഗ്രൗണ്ടിലേക്ക് കളിക്കുവാനായി പോയി.കളികഴിഞ്ഞ് ആറുമണിയായപ്പോൾ ഞങ്ങൾ ഫ്ളാറ്റിലെത്തി.കുളിച്ച് എട്ടു മണിയായപ്പോൾ ഞങ്ങൾ ഒരു ഹോട്ടലിൽ കയറി,ഭക്ഷണം കഴിച്ച് സൂപ്പർ മാർക്കറ്റിലേക്ക് പോയി സാധനങ്ങൾ വാങ്ങിച്ച് തിരിച്ചു മടങ്ങി.പിറ്റേദിവസം എട്ടുമണിക്കാണ് ഞങ്ങൾ അമ്പലത്തിലേക്ക് പോയത് അത് ഹനുമാന്റെ അമ്പലമായിരുരന്നു.അതിനു പിറകിൽ ഒരു പാർക്ക് ഉണ്ടായിരുന്നു.ഞങ്ങൾ വീട്ടിലെത്തി.മാമന് ജോലി സ്ഥലത്തേക്കു പോകണം അതിനുവേണ്ടി ആന്റിചോറ്റുപാത്രവും വെള്ളംകുപ്പിയും നിറച്ച് കൊടുത്തു.അന്ന് ഞങ്ങൾ അവിടെയുള്ള ഫ്ളവർ ഷോ കാണാൻ പോയി. വിവിധതരത്തിലിള്ള പൂക്കളേയും അവയുടെ ഉപയോഗങ്ങൾ എഴുതിയിട്ടിരിക്കുന്നതും

ഞങ്ങൾ കണ്ടു.അങ്ങനെ പത്തു ദിവസം കഴിഞ്ഞു..... രാവിലെ ഏഴു മണിക്ക് ഞങ്ങൾ റെഡിയായി.എട്ടിനു ആയിരുന്നു ട്രെയിൻ.ഞങ്ങൾ എല്ലാവരോടും യാത്ര പറഞ്ഞ് അവിടെനിന്ന് മടങ്ങി.ഞങ്ങൾക്ക് നല്ല വിഷമമുണ്ടായിരുന്നു.പക്ഷെ വീട്ടിലെത്തിയപ്പോൾ കൂട്ടുക്കാർ ഞങ്ങളേയും കാത്ത് ഇരിക്കുക ആയിരുന്നു.അവരെ കണ്ടപ്പോൾ വിഷമമെല്ലാം മാറി.ഞങ്ങൾ ഗുജറാത്തിൽ നിന്ന് കൊണ്ടുവന്ന മിഠായികൾ എല്ലാവർക്കും പങ്കിട്ടുക്കൊടുത്തു.ആ യാത്രയെക്കുറിച്ചോർക്കുമ്പോൾ ഇപ്പോൾ സന്തോഷം തോന്നുന്നു.എത്ര നല്ല ഒരു യാത്രയായിരുന്നു അത്.എനിക്ക് ഈ യാത്രയിൽ ഏറ്റവും ഇഷ്ടപ്പെട്ടത് ട്രെയിനിനുള്ളിൽ ഇരുന്ന് കളിച്ചതായിരുന്നു

ദേവനന്ദ.പി.ആർ
VIII .C

# മാതൃ സ്നേഹം



മാതൃ സ്നേഹം
സ്വന്തം അമ്മതൻ താരാട്ട്
അമ്മതൻ സ്നേഹ തലോടലിൽ
കണ്ണുകൾ ചിമ്മി അടയുന്ന നേരം

ആറൻമുളയാറിലെ കണ്ണാടി കണ്ണിൽ
തെളിയുന്നു അമ്മതൻ സ്നേഹം
സ്വന്തം ഹൃദയതുടിപ്പിലെല്ലാം
നിറയുന്നു അമ്മതൻ താരാട്ട്

തൻെറ മകളുടെ വളർച്ചയിൽ
കാരണം അമ്മതൻ അധ്വാനം
അമ്മിഞ്ഞപാൽകുടിക്കുന്ന കുഞ്ഞിനും
സ്വന്തം  അമ്മതൻ വാത്സല്യം

മനം നിറയുന്ന വാക്കുകൾ കൊണ്ട്
മനം നിറയിക്കുന്ന
എൻെറ അമ്മതൻ മധുര ശബ്ദം
കേൾക്കാൻ ഞാൻ എന്നും ആഗ്രഹിക്കുന്നു.

ശ്രേയ.ഹാപ്പി

V A

# പ്രകൃതി



നമ്മുടെ പ്രകൃതി പച്ചപുല്ല് കൊണ്ട് വർണശബളമാണ്. കളകളം പാടിയൊഴുക്കുന്ന പുഴകളും വെള്ളിയരഞ്ഞാണം പോലെ ഒഴുക്കിന്ന നദികളും കാറ്റിലാടുന്ന കേരവൃക്ഷങ്ങളും പ്രകൃതിക്ക് മോടികൂട്ടുന്നു. കൊച്ചു കൊച്ചു വീടുകളും ഭംഗിയുള്ള പൂന്തോട്ടവും മനോഹരമാണ്. പുലരിയിൽ ഉണരുമ്പോൾ മധുരമായ കിളിപ്പാട്ടും മൂടൽ മഞ്ഞും പ്രഭാതസൂര്യനും പാടത്ത് താമരമൊട്ടും ആമ്പലും കുളവാഴയും കാണാൻ കഴിയും. പൂവൻ കോഴിയുടെ കൂവലും അതിരാവിലെ തന്നെ കേൾക്കാം. രാത്രിയായാൽ നിലാവും ചന്ദ്രനും കോടാനുകോടി നക്ഷത്രങ്ങളും നമ്മുക്ക് കാണാൻ കഴിയും.ഉച്ചയ്ക്ക് പാടം ചൂടത്ത് ചുട്ടുപൊളും ആ വെയിലിൽ വിശ്രമിക്കാൻ ഇരുവശത്തും തണൽ മരങ്ങൾ, സന്ധ്യസമയത്ത് ഇരുട്ടിനൊപ്പം ഇത്തിരി ഇള്ളംകാറ്റും ആഹാ... എന്തു രസം ഒരു ദിവസം കടന്നുപോകുന്നതു പോലും നമ്മൾ അറിയുന്നില്ല. അത്രയും സുഖകരമാണ് നമ്മുടെ പ്രകൃതി.

ജ്യോതിക പി.ജെ

V.A

## ഒരു ചോദ്യംക്രടി



തിരക്കിട്ടുപാഞ്ഞൊരെൻ ജീവിത വീഥിയിൽ
ഒരു തെല്ലു വിശ്രമത്തിനായി
ഞാൻ അണഞ്ഞീടവേ
ചിന്തകൾ കൊണ്ട് നിറഞ്ഞെന്റെ
മനസ്സിൽ ഒരു ചോദ്യം
താനേ ഉയർന്നു നിന്നു
ഞാൻ എന്തുചെയ്യ്തു എൻ പ്രിയ വൃക്ഷമേ?
നിനക്ക് മാത്രമായ്
സ്നേഹം വിളമ്പിയൊരക്ഷര പാത്രത്തിൽ
കോരി നിറച്ചതോയെൻ
സ്വാർത്ഥത മാത്രം
ഫലമോ! പ്രകൃതിതൻ ദാരുണാന്ത്യം
ചിറകുപ്പിടഞ്ഞു
കരിയുന്ന പാറ്റപോൽ....

സഹനം പൂകിയ-
ജീവിത നൈർമ്മല്യം
അറിയുവാൻ വൈകിയോ-
യെന്നുമൊരു സംശയം
നിന്നെ ഞാൻ അറിയാതെ
പോയതോ മമ ദുഃഖം
ധരയിൽ മകനായി നിന്നു കൊണ്ട്
സർവ്വം നിരീക്ഷിച്ചൊരാ
ജീവിത രേഖയിൽ....
സാക്ഷ്യം വഹിക്കുന്നതോ
മർത്യഗണത്തിൽ സ്വാർത്ഥചിത്രം!

ജിൻസോ ജോസ്
അധ്യാപിക

## ഗണിതത്തിലെ ഓമന'പൈ'തൽ

കണക്കുപഠിക്കുന്നവർക്കെല്ലാം പൈ എന്ന ചിഹ്നത്തെ നല്ല പരിചയമായിരിക്കും. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈയെ ക്കുറിച്ചുള്ള ചർച്ചകളും ഗവേഷണങ്ങളും ഇന്നും തുടരുന്നു.അതെ 'പൈ' ഇന്നും ഒരു പയ്യൻ തന്നെ.ഒരുപാട് സവിശേഷതകൾ ഉള്ള ഒരു സംഖ്യയാണ് 'p എന്ന ചിഹ്നം കൊണ്ട് സൂചിപ്പിക്കുന്ന 'പൈ'.

'പൈ' ഒരു സംഖ്യയാണ്. എന്നാൽ 1,2,3.... എന്നിവപോലെയുള്ള ഒരു എണ്ണൽ സംഖ്യയല്ല . ഭിന്നസംഖ്യാരൂപത്തിൽ എഴുതാൻ കഴിയാത്തതിനാൽ ഭിന്നസംഖ്യയും അല്ല.ദശാംശ സംഖ്യാരൂപത്തിൽ നീണ്ടു നീണ്ടു പോകുന്നതിനാൽ 'പൈ' ഒരു അഭിന്നക സംഖ്യയാണ്. ഒരു സവിശേഷതകൂടി പറയട്ടെ !! ബീജഗണിതക്രിയകൾക്കും വഴങ്ങാത്ത ഒരു സംഖ്യയാണ് 'പൈ'

പിന്നെ എന്താണ് ' പൈ' ?

' പൈ' എന്നാൽ വൃത്തവുമായി ബന്ധപ്പെട്ട് ഒരു അനുപാതമാണ് പൈ.ഇനി പൈ എന്ന പേര് എങ്ങനെ ലഭിച്ചു എന്ന് നോക്കാം.ഗ്രീക്കു ഭാഷയിൽ വൃത്തപരിധിക്ക് ' പെരിമെട്രാൺ ' എന്നാണ് പറയുന്നത്. വ്യാസത്തിന്റെ പേരാകട്ടെ ' ഡയാമെട്രാൺ ' എന്നും. ഈ പേരുകളുടെ ആദ്യാക്ഷരം ഉപയോഗിച്ച് ഇവയെ ആദ്യം സുചിപ്പിച്ചത് എ.ഡി. 1600-

ൽ 'വില്യം ഔട്ട് റെഡ് ' എന്ന ശാസ്ത്രജ്ഞനാണ്. എന്നാൽ ഒരു നൂറ്റാണ്ടിനുശേഷം വൃത്തപരിധിയിൽ വ്യാസവുമായുള്ള അനുപാതത്തെ സൂചിപ്പിക്കാൻ ' പൈ' എന്ന ഗ്രീക്ക് അക്ഷരം ഉപയോഗിച്ചു. ' വിസ്യം ജോൻസ് ' എന്ന ശാസ്ത്രജ്ഞനാണ് ' പൈ' യെ നമുക്ക് സമ്മാനിച്ചത്.

ഇന്ന് ഏതാണ്ട് 270000 കോടിയിലേറെ സ്ഥാനങ്ങൾ 'പൈ' യുടെ വിലയായി കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ഇത് ഓർമിച്ച് വയ്ക്കാൻ എളുപ്പവുമല്ല. 'പൈ' യുടെ വില ഓർമിച്ചു വയ്ക്കുന്നതിനായി പല കവിതകളും രചിക്കപ്പെട്ടിട്ടുണ്ട്. അവയിലെ ചില വരികളാണ് May I have a large container of coffee,How I wish I could recollect of circle round the exact relation Archimedes unround തുടങ്ങിയവ .ഇവ ഉപയോഗിച്ച് യഥാക്രമം 'പൈ' യുടെ 7 വിലകളും 13 വിലകളും കണ്ടെത്താൻ സാധിക്കുന്നു.

എത്രയൊക്കെ സൂത്രങ്ങൾ ഉപയോഗിച്ചാലും ' പൈ' യുടെ മൂല്യം ഏതാനും ചില സ്ഥാനങ്ങൾ വരെ മാത്രമേ നമുക്ക് ഓർമ്മിച്ച് പറയാനാകൂ. എന്നാൽ പതിനായിരക്കണക്കിന് സ്ഥാനങ്ങൾ ഓർമ്മിച്ച് പറയുന്നവയുടെ കാര്യമോ!!! അങ്ങനെ ചിലരുണ്ട് എന്നറിയുമ്പോൾ അത്ഭുതം തോന്നും. 1995-ൽ ' ഹിരോയുകിഗോടോ' എന്ന ജപ്പാൻക്കാരൻ 42000 സ്ഥാനങ്ങൾവരെ ഓർമിച്ച് പറഞ്ഞിട്ടുണ്ട്.

ഇനി ചില 'പൈ'സൂത്രങ്ങൾ ഇതാ !

വൃത്തത്തിൻെറ പരിധി $= c - 2pr = pd$

വൃത്തത്തിൻെറ വിസ്തീർണ്ണം $= pr^2$

എലിപ്സിൻെറ വിസ്തീർണ്ണം $= pab$

ഗോളത്തിൻെറ വ്യാപ്തം $= 4/3\ pr^3$

ഗോളത്തിൻെറ ഉപരിതല വിസ്തീർണ്ണം $= 4pr^2$

അർദ്ധഗോളത്തിൻെറ വ്യാപ്തം $= 2/3\ pr^3$

അർദ്ധഗോളത്തിൻെറ വക്രമുഖ വിസ്തീർണ്ണം $= 2pr^2$

അർദ്ധഗോളത്തിൻെറ ഉപരിതല വിസ്തീർണ്ണം $= 3pr^2$

സിലിണ്ടറിൻെറ വ്യാപ്തം $= pr^2h$

സിലിണ്ടറിൻെറ ഉപരിതല വിസ്തീർണ്ണം $= 2pr(r+h)$

വൃത്തസ്തൂപികയുടെ വ്യാപ്തം $= 1/3pr^2h$

വൃത്തവലയത്തിൻെറ വിസ്തീർണ്ണം $= ph(R+r)(R-r)$

ലോകമെമ്പാടും മാർച്ച് 14 'പൈ' ദിനമായി ആചരിച്ചു വരുന്നു.'പൈ' യുടെ വിശേഷങ്ങൾ ഇവിടെ തീരുന്നില്ല. എത്ര പറഞ്ഞാലും തീരുകയും ഇല്ല!!!

ലക്ഷ്മിപ്രിയ കെ കൈമൾ

IX B


# മലയാളം എൻ പ്രിയ മാതൃഭാഷ




അമ്മയായ എൻ മാതൃഭാഷയാം
എന്റെ  മലയാളം
അമ്മയുടെ തലോടൽ പോലുള്ള
പുണ്യഭാഷയാം മലയാളം
ആയിരം പിഞ്ചു പാദങ്ങൾ
പിച്ചവെക്കുന്ന മലയാളം
കേരളമെന്ന നാട്ടിലുള്ളൊരു
മലയാളം എൻ പ്രിയ മാതൃഭാഷ
തെങ്ങുകൾ വളരും നാട്ടിലുള്ളൊരു
മലയാളം എൻ പ്രിയ മാതൃഭാഷ

അമൃത എ. എം
VI B

# കാത്തിരിപ്പ്




എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരി.ഒരുമിച്ച് കളിച്ചുനടന്ന അവൾ ഒരു ദിവസം എന്നെ വിട്ടു ദൂരെ എങ്ങോട്ടോ പോയി.കത്തുകൾ ഒരുപാട് അയച്ചുനോക്കി.ഒന്നിനും മറുപടിയില്ല.അവൾക്ക് എന്നെ അങ്ങനെ മറക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിച്ചു.അവളുടെ ഓർമകളുമായി ജീവിക്കുന്ന ഞാൻ എങ്ങനെ അവളെ കണ്ടുപിടിക്കും.അങ്ങനെയിരിക്കെ ഒരു ദിവസം എനിക്ക് ഒരു മറുപടി ലിഖിതംപോലെ അവളുടെ കത്ത് കിട്ടി.എന്റെ മനം ആഹ്ലാദപൂർണമായിരുന്നു.എന്റെ മനസിന് കടലിലെ തിരമാലകളേക്കാൾ വേഗതയുണ്ടായിരുന്നു.ഞാൻ കത്തു പൊട്ടിച്ച് വായിച്ചു.അവൾ ഇപ്പോഴും എന്നെ ഓർക്കുന്നുണ്ട്.അവൾ സിംലയിലാണ്.അവിടെ വലിയ ഉദ്യോഗമുണ്ട്.ഞാൻ അയച്ച കത്തുകൾ എങ്ങനെയോ അവൾക്ക് ലഭിച്ചിട്ടുണ്ട്.മറുപടി അയക്കാൻ സാധിച്ചില്ല.അവൾ എന്നെ കാണാൻ ആഗ്രഹിക്കുന്നു.കത്തിനോടൊപ്പം എനിക്ക് സിംലയിലേക്കുള്ള ടിക്കറ്റ് അവൾ വെച്ചിട്ടുണ്ട്.ഈ മാസം തന്നെ എന്നോട് സിംലയിലേക്ക് വരാൻ

പറഞ്ഞിരിക്കയാണവൾ.ആത്മസുഹൃത്തിനെ കാണാൻ എനിക്കു തിടുക്കമായി.ഇത്രയും നാളത്തെ എന്റെ കാത്തിരിപ്പ് വെറുതെയായില്ലായെന്ന സന്തോഷത്തോടെ ഞാൻ ആ കത്ത് ചുരുക്കി.

അശ്വതി ഷാജി
**VIII A**

# ധ്യാനം



ലോകത്ത് ആരും അറിയാതെ പുഞ്ചിരി തൂകുന്ന ചിലരുണ്ട്. അത് കുഞ്ഞുപൂവുകളാണ്. ഇളം കാറ്റിലും, മഴയുടെ നനവിലും, സ്വർണവെയിലിലും അവരുടെ പുഞ്ചിരിയുണ്ട്. എന്തിലും മിഴിപൂട്ടിയുള്ള ഒരു ധ്യാനം. അതാണ് അവരെ കൂടുതൽ മനോഹരികളാക്കുന്നത്. ഉള്ളിലുള്ളവനെക്കുറിച്ചുള്ള ഓർമ്മ. ആ ഓർമ്മയിലാണ് അവരിലെ കണങ്ങളൊക്കെ- തേൻകണങ്ങൾ ആയി രൂപാന്തരപ്പെടുന്നത്. കാണുന്ന ആരുടെ കണ്ണിനും കുളിർമ്മപകരാനും, മനസ്സിന് ശാന്തത പകരാനും അവരെ ശക്തിപ്പെടുത്തുന്നത് ഈ ഓർമ്മ ആയിരിക്കണം. ഉള്ളിലെ ഈ ശക്തിയെ തിരിച്ചറിഞ്ഞ് ധ്യാനിക്കുന്നവരൊക്കെ കുഞ്ഞുപൂവുകൾ പോലെ-'മധു' പകരുന്നവരായിത്തീരുമെന്നതു് തീർച്ച. പാറിവരുന്ന വണ്ടിനോടൊപ്പവും, മൂളിപ്പാട്ടുപ്പാടുന്ന കിളികളോടൊപ്പവും, ചിത്രശലഭങ്ങളോടൊപ്പവും ഒക്കെ

മനസ്സിന്റെ ധ്യാനം പൂവുകൾ നടത്തുന്നുണ്ടായിരിക്കാം. അതുകൊണ്ടാണ് മിന്നലുകളിലും കൊടുക്കാറ്റുകളിലും ആടിയുലഞ്ഞാലും വീണ്ടും അവർ പൂവിടുന്നത്. അതുകൊണ്ട് തന്നെയായിരിക്കണം- അവരെ കാണുന്നവരുടെയൊക്കെ മനസ് ആനന്ദപൂരിതമാകുന്നത്.

നമുക്ക് ഈ പൂക്കളെപ്പോലെ ഇടക്കൊക്കെ മിഴിപൂട്ടി ധ്യാനിക്കാം. ഉള്ളിനുള്ളിൽ ജീവനോടെ വസിക്കുന്നവനെ ഓർക്കാം. അങ്ങനെ, അനേകർക്ക് 'മധു' പകരുന്ന പൂക്കളായി മാറാം.

മഴ വരുമ്പോൾ തെല്ലും പരിഭവമില്ലാതെ അവയെ സ്വീകരിക്കുന്നതും, തൊട്ടുതലോടുന്ന കാറ്റിനൊപ്പം ആടുമ്പോഴും- അവർ സന്തുഷ്ടരാണ്. ആരോടും പരിഭവങ്ങളില്ലാത്ത, എപ്പോഴും $+^{ve}$ energy പകരുന്ന സുഗന്ധം നമുക്കു ചുറ്റും പരകട്ടെ......

സി.ജിൻമരിയ CMC

ജീവശാസ്ത്ര അധ്യാപിക

# സൗഹൃദം



വിടപറഞ്ഞ
വിധികളിൽ
പ്രിയ
സുഹൃത്തുക്കൾ
നൽകിയ
മധുരമുള്ള
ഓർമകളേ
താലോലിക്കുമ്പം
അറിയാതെ കൊതിച്ച് പോവും
ആ വിധിയിലൂടെ നടക്കാൻ
പ്രിയമുള്ള കൂട്ടുകാരേ...
ഇന്നു നിങ്ങളുടെ മധുരമുള്ള
ഓർമ്മകൾ
മാത്രം.......

അഭിരാമി വി.ബി
IX D

# ആഗോളവത്കരണവും ഇന്ത്യയും

ഒരു വിശാല ലോകത്തിന്റെ വാതിലുകൾ നമുക്ക് മുന്നിൽ തുറന്നു വയ്ക്കുകയാണ് ആഗോളവത്കരണം. വ്യാപാര വിനിമയ രംഗങ്ങളിൽ അനന്ത സാധ്യതകളാണ് ഇതുമൂലം സംജാതമായത്. ദൂരങ്ങൾ കുറയുകയും ലോകം മുഴുവൻ ഒരു ഗ്രാമമെന്ന പോലെ ആയിത്തീരുകയും ചെയ്തു. രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിർവരമ്പുകൾക്ക് പ്രസക്തിയില്ലാതായിത്തീർന്നു. ലോകത്തിന്റെ  ഏതൊരു കോണിൽ നിർമ്മിക്കപ്പെടുന്നതെന്തും, കണ്ടുപിടിക്കപ്പെടുന്നവയത്രയും മറ്റേതൊരു കോണിൽ എല്ലാ രാജ്യങ്ങൾക്കും വ്യക്തിക്കും ലഭ്യമാകുന്നു. തുറന്ന സാമ്പത്തികനയം - ലോകം മുഴുവൻ ഒരൊറ്റ ഉല്പാദന വിതരണ ഉപഭോഗ വ്യവസ്ഥിതിക്ക് കീഴിൽ വരുന്ന അവസ്ഥ.



ആഗോളവത്ക്കരണത്തിന്റെ നേട്ടങ്ങളിലേക്ക് കണ്ണോടിച്ചാൽ ഒരുപാടു നല്ല വശങ്ങൾ

നിരത്തിവെക്കാൻ സാധിച്ചേക്കാം.
പക്ഷേ,ഇന്ത്യയെപ്പോലെ
രാഷ്ട്രീയമായികോളനിവാഴ്ചഅവസാനിച്ചപ്പോൾ
സാമ്രാജ്യത്വശക്തികൾ തങ്ങളുടെ പഴയ കോളനികളെ
ചൂഷണം ചെയ്യാനും അവരുടെ സാമ്പത്തിക
മേൽക്കോയ്മ തുടർന്നുകൊണ്ടു പോകാനുമായി
കണ്ടെത്തിയ ഉപാധികളിലൊന്നാണ്
ആഗോളവത്കരണം. നമ്മുടെ സ്വീകരണ മുറികളിൽ
വിരുന്നെത്തുന്ന പരസ്യങ്ങളിലൂടെയും ഇന്ത്യയിലുടനീളം
എന്തിന് നമ്മുടെ കൊച്ചു കേരളത്തിൻെറ ഏത്
കുഗ്രാമത്തിൽപോലും കണ്ണഞ്ചിപ്പിക്കുന്ന വിസ്മയമായി
വിലസുന്നസൂപ്പർമാർക്കറ്റുകളിലൂടെയും
കടകമ്പോളങ്ങളിലൂടെയും ധൂർത്തും ധാരാളിത്തവും
യുവമനസ്സുകളിലേക്ക് കൈമാറി ഒരു ഉപഭോഗ സംസ്കാരം
വളർത്തിയെടുക്കാൻ ആഗോളവത്കരണം വഹിച്ച പങ്ക്
കുറച്ചൊന്നുമല്ല. സാധാരണ ജനങ്ങളെ സാമ്പത്തിക
അടിമത്വത്തിലേക്കും കടകെണിയിലേക്കും നയിക്കുന്നു.
അതിൽനിന്നും കരകയറുവാൻ ചുഷണവും
ലാഭക്കൊതി,അഴിമതി തുടങ്ങി അന്യായമായി
പണമുണ്ടാക്കാനുള്ള എന്തു വഴിയും സ്വീകരിക്കാൻ
അവൻ തയ്യാറാകുന്നു.

ധാർമ്മികമൂല്യത്തിൽ
വേരൂന്നികൊണ്ട് വളർത്തിയെടുത്ത ഭാരതീയ സംസ്കാരം
കാറ്റിൽ പറത്തികൊണ്ടാണ് ആഗോളവത്കരണം
ഇന്ത്യയിലേക്കെത്തിയത്. മതതീവ്രവാദവും

വർഗ്ഗീയകലാപവുമെല്ലാം ഇതിന്റെ അനന്തരഫലങ്ങൾ തന്നെ.  വർഷങ്ങൾക്ക്മുമ്പ് ബ്രിട്ടീഷ് ആധിപത്യത്തിൽ നാം അനുഭവിച്ചിരുന്ന അടിമത്വത്തേക്കാൾ ശക്തമായ ഒരു അടിമത്വം നാം ഇന്ന് അനുഭവിക്കുന്ന. ലാഭക്കൊതി മുൻനിർത്തി ലോകത്തെ മുഴുവൻ ഒറ്റ ഗ്രാമമാക്കിമാറ്റുമ്പോൾ, സാമൂഹ്യനീതീ, സമത്വം, സാഹോദര്യം, മൂല്യബോധം എന്നിവ പലപ്പോഴും ബലികഴിക്കപ്പെടുന്നു. ധാർമ്മികത കാത്തുസൂക്ഷിക്കേണ്ട മതവും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും കമ്പോളവത്കരിക്കപ്പെടുന്നു.

**ആഗോളവത്കരണത്തെയോ അതുവഴി നടക്കുന്ന സാമൂഹിക സാമ്പത്തിക രാഷ്ട്രീയമാറ്റങ്ങളെയോ നമുക്ക് നിയന്ത്രിക്കുവാനാവില്ല.പക്ഷേ യുവതലമുറകൾക്ക് അതിൻെറ ദൂഷ്യ വശങ്ങളെ മനസ്സിലാക്കികൊണ്ട് പോരായ്മകളെ നികത്താൻ സാധിക്കും. സമത്വവും സാഹോദര്യവും വളർത്തിയെടുക്കാൻ ശ്രമിക്കണം. ലോകംമുഴുവൻ ആഗോളഗ്രാമമായി ചുരുങ്ങുമ്പോൾ നമ്മുടെ മനസ്സുകളെആഗോളമായി വിശാലമാക്കുവാൻ നമുക്ക് സാധിക്കണം. മനുഷ്യബന്ധങ്ങളിൽ വന്ന തകർച്ചയും മതാന്ധതയും വിദ്യഭ്യാസ സ്ഥാപനങ്ങളിലെ മൂല്യശോഷണവും നികത്താൻ സമൂഹത്തിന് കഴിഞ്ഞാൽ തീർച്ചയായും ആഗോളവത്ക്കരണം ഉയർത്തുന്ന വെല്ലുവിളികളെ ഒരു പരിധിവരെ നമുക്ക് നേരിടാനാകും.**

## ഫിൽസി പോൾ
## സാമൂഹ്യശാസ്ത്രം അധ്യാപിക

## ഓർമ്മ

കുഞ്ഞുമനസ്സിൽ അമ്മ നിറച്ച
പ്രത്യാശയാണെൻ ഓർമ്മ
ബാല്യത്തിൽ എന്നുള്ളിൽ ഞാൻ
തന്നെ
നെയ്ത സ്വപ്നങ്ങളാണെൻ ഓർമ്മ



ആദ്യാക്ഷരങ്ങൾ കുറിച്ചിട്ടിരുന്ന
താളുകളാണെൻ ഓർമ്മ
കളിച്ചും ചിരിച്ചും ഉല്ലസിച്ചും
നടന്ന ബാല്യമാണെൻ ഓർമ്മ

ആകുലചിന്തകൾ കുന്തങ്ങളായ
കൗമാരമാണെൻ ഓർമ്മ
ആരോടും ചേരാതെ വൈദ്യുതിവീചിപോൽ
മാറുന്ന കാലമാണ് ഓർമ്മ

മായുന്ന സ്വപ്നവും മറയുന്ന ജീവനും
കോർത്തതാണെൻ ഓർമ്മ
ജീവിതത്തിൽ എന്നും മിന്നി
തിളങ്ങുന്ന നക്ഷത്രമാണെന്നോർമ്മ

അഭിരാമി പി ആർ
VIII F

# ഞാൻ ഒരു അനന്യ അത്ഭുതം



"ശ്ശൊ! എനിക്ക് അവളുടെ അത്രേം മുടി ഉണ്ടായിരുന്നെങ്കിൽ !" "അവളുടെ കണ്ണ് എന്ത് ഭംഗിയാ? എന്റെയോ?!" "പാടാൻ കഴിവുണ്ടായിട്ടെന്താ കാര്യം? ഫുൾ A+ വാങ്ങാൻ എനിക്ക് പറ്റുന്നില്ലല്ലോ?" "അല്ലെങ്കിലും അവളൊക്കെ ഏതു ഡ്രസ്സിട്ടാലും നല്ല ഭംഗിയാ?! കണ്ടില്ലേ എന്റെ ഒരു കോലം!" - ഈ പരിഭവങ്ങൾ എപ്പോഴെങ്കിലും, നമ്മുടെയൊക്കെ മനസ്സിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതല്ലേ? ദൈവത്തിന്റെ 'ഞാൻ' എന്ന 'അത്ഭുതകരവേല'യുടെ അനന്യത തിരിച്ചറിയാതെ പോകുന്നതുകൊണ്ടാണ് പലപ്പോഴും ഇങ്ങനെ

സംഭവിക്കുന്നത്.എനിക്ക് ദൈവം നൽകിയിരിക്കുന്ന കഴിവുകളെക്കുറച്ച് എപ്പോഴെങ്കിലും ഓർക്കാനോ,നന്ദി പറയാനോ, ആ കഴിവുകളെ വളർത്തിയെടുക്കാനോ ശ്രമിച്ചില്ലെങ്കിൽ നീയും,ഞാനും, വി.ഗ്രന്ഥത്തിൽ ക്രിസ്തുനാഥൻ പറഞ്ഞുതന്ന 'താലന്തുകളുടെ ഉപമ'യിലെ തനിക്ക് കിട്ടിയ നാണയം കുഴിച്ചിട്ട ഭൃത്യനെപ്പോലെയായിരിക്കും.തന്നിൽ നിക്ഷേപിച്ചിരിക്കുന്ന താലന്തിനെ ഉപയോഗിക്കാത്തവനിൽ നിന്ന് ദൈവം അതെടുത്തുമാറ്റുന്നു.

പുറമെ ആകർഷകമായി തോന്നുന്നതാണ് ഏറ്റവും നല്ലത് എന്ന മിഥ്യയായ ധാരണ ഇന്നത്തെ ലോകത്തിന്റെ ഒരു ശാപമാണ്.പുരുഷനാണെങ്കിലും, സ്ത്രീയാണെങ്കിലും,ബാഹ്യസൗന്ദര്യവും പ്രകടനങ്ങളും മാത്രം കണ്ടാണ് പലരും അതിനു പിന്നാലെ പോകുന്നത്.എന്റെ വ്യക്തിത്വം വ്യത്യസ്തമാണെന്നും എന്നെപ്പോലെ ഈ ലോകത്തിൽ ദൈവം ആരേയും സൃഷ്ടിച്ചിട്ടില്ല എന്നുമുള്ള മഹത്തായ ബോധ്യം ഒരുവന്റെ ജീവിതത്തിൽ വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കും. ഇവിടെ പരാജയപ്പെടുമ്പോഴാണ് സിനിമയിലും, മറ്റു മാധ്യമങ്ങളിലും കണ്ട പലരേയും വേഷവിധാനത്തിലും, സംസാരത്തിലും, ജീവിതരീതികളിലും ഒരാൾ അനുകരിക്കാൻ ശ്രമിക്കുന്നത്. ജീവിതത്തിൽ കണ്ടുമുട്ടുന്ന പല നല്ല വ്യക്തികളിൽ നിന്നും നമുക്ക് നല്ലത് പകർത്തിയെടുക്കാനുണ്ട്. എന്നാൽ പൂർണ്ണമായും

വേറൊരു വ്യക്തിയാകാനുള്ള ശ്രമം നിന്റെ ജീവിതത്തിന്റെ പരാജയമാണ്. മക്കൾക്ക് നല്ല 'റോൾമോഡൽസ് ' ആകേണ്ട അമ്മമാർ പോലും, വസ്ത്രധാരണത്തിൽ, തെറ്റായ രീതികൾ അനുകരിച്ച് അടക്കൊതുക്കമില്ലാതെ പല 'പേക്കോല'ങ്ങളും കെട്ടുന്നത് അവനവന്റെ വ്യക്തിത്വത്തിന്റെ വില തിരിച്ചറിയാത്തതു കൊണ്ടാണ്.

ഇതുപോലെതന്നെയാണ് ഒരോരുത്തരുടെയും ജീവിതാവസ്ഥകളും. മറ്റുള്ളവരുടെ വീട്ടിലെ സൗഭാഗ്യങ്ങളെ മാത്രം നോക്കാതെ എന്റെ കുടുംബത്തിൽ ദൈവം തന്നിരിക്കുന്ന ദാനങ്ങളെക്കുറിച്ച് നന്ദിപറയാൻ നമുക്ക് ശീലിക്കാം. ഒരോ വ്യക്തികളെയും കുടുംബങ്ങളേയുംക്കുറിച്ച് ദൈവത്തിന് വ്യത്യസ്തമായ പദ്ധതിയാണുള്ളത്. ചിലപ്പോഴൊക്കെ നമ്മുടെ കുടുംബങ്ങളിൽ ചില സങ്കടങ്ങൾ ദൈവം അനുവദിക്കുന്നത് പിന്നീട് എറ്റവും നല്ലതിനെ നമ്മുടെ വീടിനും കുടുംബങ്ങൾക്കും നൽകി അനുഗ്രഹിക്കുന്നതിനാണ്.

ഒന്നാലോചിച്ചു നോക്കൂ, ഈ ലോകത്തിലെ ഓരോവ്യക്തിയുടെയും വിരലടയാളങ്ങൾ (finger print) ഒന്നിനൊന്ന് വ്യത്യസ്തമാണ്. നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ കരവൈഭവവും, നമ്മുടെ അനന്യതയും, അപ്പോൾ നമുക്ക്  മാത്രം ബോധ്യമാകും. എന്റെ കുറവുകളിലേക്ക് മാത്രം പരിഭവപ്പെടാതെ, മറ്റുള്ളവരുമായി താരതമ്യപ്പെടുത്താതെ, എന്റെ ദൈവം എനിക്ക് നൽകിയവയ്ക്ക് നന്ദി പറയാം. ഒരിക്കലും

മറന്നുപോകരുതേ.
'I am the unique gift of god'

ജൂലി ജെയിംസ്
ഇംഗ്ലിഷ് അധ്യാപിക

## പ്രളയം കേരളത്തോട് തോറ്റ നിമിഷങ്ങൾ




കേരളത്തിലെ ചരിത്രത്തിലെ ഏറ്റവും ദുരന്തപൂർണമായ ദിനങ്ങളാണ് കടന്നു പോയത്. ഈ നൂറ്റാണ്ടിലെ പ്രളയം. ജാതി-മത അതിരുകൾക്കപ്പുറത്ത് കേരളം ഒന്നായി കൈകോർത്ത് പിടിച്ച് പ്രളയത്തിന് ,ഒരു ജനത എന്ന നിലയിൽ നമ്മുടെ കരുത്തിനു മുന്നിൽ തലകുനിക്കേണ്ടി വന്നു എന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. നേവിയും ആർമിയും രക്ഷാപ്രവർത്തനത്തിൽ സജീവമായി ഇടപ്പെട്ടപോഴും വേറിട്ട് നിന്നത് മത്സ്യത്തൊഴിലാളികളുടെ സേവനമായിരുന്നു. ജീവൻ പണയം വെച്ച്

രക്ഷാപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ച മത്സ്യത്തൊഴിലാളികൾ. കേരളത്തെ തുണച്ച് പ്രളയക്കാലത്ത് നവമാധ്യമങ്ങൾ സാധ്യതയുടെ അപാരശേഷിയുള്ള ഇടങ്ങളായി മാറി എന്നത് വിസ്മരിക്കാൻ ആകില്ല.
"ഞാൻ പോയാൽ ഒരാളല്ലേ ,രക്ഷിക്കാനായാൽ എത്ര ജീവനാ സാറേ" എന്ന് കളക്റ്ററോട് പറഞ്ഞ് വള്ളം തുഴഞ്ഞു പോയ വിഴിഞ്ഞത്തെ മത്സ്യ തൊഴിലാളി ഫ്രെഡി, സ്ത്രീകൾക്കും പ്രായമായവർക്കും വേണ്ടി ബോട്ടിലേക്ക് ചവിട്ടികയറാൻ ചവുട്ടുപടിയായി താനൂരിലെ ജൈസൻ, ചാലക്കുടിയിൽ ജീവനുകൾ നീന്തിയെടുത്ത് കരയ്ക്കെത്തിക്കവേ 'പേരെന്താണ്' എന്ന് ചോദ്യവുമായി മുന്നിലേക്ക് നീണ്ട മൈക്കിന് മുന്നിൽ "ഓ അതിൽ ഒന്നും ഒരു കാര്യവുമില്ലെന്ന് "പറഞ്ഞ് വീണ്ടും വെള്ളത്തിലേക്കിറങ്ങിപ്പോയ രക്ഷാപ്രവർത്തകൻ -മഹാദുരന്തത്തെ കേരളം എങ്ങനെ അതിജീവിച്ചു എന്ന ചോദ്യത്തിനു ഉത്തരമാണിവർ. അറിയപ്പെടാത്തവരും ആഘോഷിക്കപ്പെടാത്തവരുമായ അനേകം പേർ മനുഷ്യസ്നേഹത്തിന്റെ മതിലുകൾ കെട്ടിയപ്പോൾ പ്രളയം കേരളത്തോട് തോറ്റു. ദുരന്തബാധിതരും, ദുരന്തബാധിതരെ സഹായിക്കുന്നവരും
എന്നീ രണ്ട് വിഭാഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു ആ ദിവസങ്ങളിൽ...
സമചിത്തതയോടെയും പക്വതയോടെയും ഈ ദുഷ്കര സന്ദർഭത്തെ നേരിട്ടു എന്നതിലും രക്ഷാപ്രവർത്തനം ഫലപ്രദമായി ഏകോപിപ്പിക്കാനും കഴിഞ്ഞു എന്നതിൽ

നമുക്ക് അഭിമാനിക്കാം. മരണവും അനിശ്ചിതത്ത്വവും മാത്രം മുന്നിൽ കണ്ട് പതിനായിരങ്ങളുടെ ജീവിതത്തിലേക്ക് പ്രത്യാശയുടെതുഴയെറിഞ്ഞവർ... 'കേരളത്തിന്റെ സ്വന്തം സൈന്യം.' പ്രകൃതി സർവ്വസഹയാണ്, സംഹാരരൂപിണിയും. എന്നാൽ കേരളം ലോകത്തിനും ശാസ്ത്രത്തിനും പുതിയ പാഠം പകർന്നു- 'പ്രകൃതിയോട് മല്ലിടുന്ന മനുഷ്യരാണ് ഏറ്റവും ശക്തരെന്ന്.'

ഐഷാനിബ എം എൻ
IX C

# നീലക്കുറിഞ്ഞി




നീലത്താഴ്വരയിൽ പിറന്ന കുറിഞ്ഞി
നിന്റെ പേരറിയാനെനിക്കൊരു മോഹം
കുഞ്ഞി കുറിഞ്ഞിയെന്നാണോ അതോ.........
നീല പൂവെന്നാണോ കുറിഞ്ഞി
സൗന്ദര്യമുള്ള ഈ കുഞ്ഞി കുറിഞ്ഞിയേ
തൊടാനെനിക്കൊരു മോഹം.........
തൊട്ടാലധിമൃദുലം...കണ്ടാലാകർഷകം[നീല...]
ഞാൻ പന്ത്രണ്ടുവർഷത്തിലൊരിക്കൽ
പൂക്കുമാ മൃദുലമായ പൂ ഞാൻ തന്നെയാ...........

ആതിര.പി.ആർ
VIII A

## യോഗശിക്ഷണം

സന്തുലിതത്വത്തിൻെറ പേരാണ് യോഗം. ജയപരാജയങ്ങൾ, ലാഭനഷ്ടങ്ങൾ ,സുഖദു:ഖങ്ങൾ മാനപമാനങ്ങൾ തുടങ്ങിയവയിൽ നിന്ന് മനസ്സിനെ തുല്യനിലയിലൽ നിർത്തണം.അതാണ് യോഗം. യോഗമെന്നാൽ




ആത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധമാണ്." യോഗ ചിത്തവൃത്തി നിരോധ" യോഗ എന്നത് ചിത്തവൃത്തികളുടെ നിരോധനമാണ്. മനസ്സിൻെറ വൃത്തികളെ ശമിപ്പിക്കുക എന്നതാണ് യോഗ.

യോഗ ഒരു പൂർണശാസ്ത്രമായിരിക്കുന്നതുപോലെ തന്നെ ഒരു പൂർണ ജീവിതപദ്ധതിയുമാണ്. നിത്യവും നിരന്തരവുമായ അഭ്യാസക്രമം എന്ന നിലയ്ക്ക് അത് ജീവിതത്തിൻെറ ശൈലിയും ഭാഗവുമായി തീരും. ബാല്യം മുതൽ വാർദ്ധക്യം വരെ ആർക്കും അനുഷ്ഠിക്കാവുന്ന പദ്ധതിയാണ് യോഗ.യോഗ സ്കൂളിൽ നടപ്പാക്കുന്നത് കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കാൻ സഹായിക്കും.പ്രകൃതി ജീവനത്തിൻെറ പ്രതിരൂപമാണ് യോഗ.

നിഹിര സുധീർ

# VII-A

## *സമഗ്രമായ വ്യക്തിത്വ വികസനത്തിന്*

'അടിപൊളി പെഴ്സാണിലിറ്റിയാ','നല്ല വ്യക്തിത്വമുള്ളയാളാ' എന്ന് ചിലരെപ്പറ്റി നാം പറയാറില്ലേ! പറഞ്ഞുകേൾക്കാറുണ്ട്.
ഇംഗ്ലീഷിൽ "Personality"യെന്നും, മലയാളത്തിൽ "വ്യക്തിത്വം"മെന്നും കേൾക്കുമ്പോഴുണ്ടാകുന്ന വികാരം ഒന്നു തന്നെയാണോ? "Personality" പലപ്പോഴും ബാഹ്യമായ ഒരു വേഷം കെട്ടലായിട്ടേ പലരും കാണുന്നുള്ളൂ.വ്യക്തിത്വം എന്നു കേൾക്കുമ്പോൾ കുറേകൂടി ആന്തരീകമായ കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നു. ചുക്കിചുളിഞ്ഞ് രൂപം മാറിയ മുഖമാണെങ്കിൽ പോലും ആകർഷകമായ വ്യക്തിത്വം വികസിപ്പിച്ചെടുത്താൽ ആരെയും നമുക്ക് സ്വാധീനിക്കാനാകും. മദർ തെരേസയുടെ ജീവിതം അതിനൊരുദാഹരണമാണ്. സർവ്വ ജനത്തിനും അവർ സമാരാധ്യയായി മാറിയത് അവരുടെ മഹനീയ വ്യക്തിത്വം കൊണ്ടായിരുന്നു.
ഒരോ വ്യക്തിയും ഒരോ വ്യക്തിത്വത്തിന്റെ ഉടമയാണ്. എന്നെപ്പോലെ മറ്റൊരാളില്ല. എന്റെ പ്രായമോ, നിറമോ, പേരോ, മതമോ, വേഷവിധാനമോ, സംസാരമോ, പുഞ്ചിരിയോ മറ്റൊരാൾക്കുണ്ടായാലും അയാൾ ഞാൻ ആവില്ല. ഞാൻ അയാളും ആവില്ല.
യേശുദാസിനെപ്പോലെ പാടാനോ, സച്ചിനെപ്പോലെ

ക്രിക്കറ്റ് കളിക്കാനോ, ഡയാനയെപ്പോലെ സുന്ദരിയാകാനോ... എനിക്ക് കഴിയില്ല. ചില വ്യക്തികളിലേക്ക് നാം ആകർഷിക്കപ്പെടുന്നതും, അകലുന്നതും അവരുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതകൾ കൊണ്ടാണ്.

വ്യക്തിത്വം വികാസം പ്രാപിച്ച അവസ്ഥയാണ് പക്വത. പ്രായത്തിനും യുക്തിക്കുമനുസരിച്ച് പെരുമാറാനുള്ള കഴിവാണ് പക്വത. നാം ആരും ജനിക്കുമ്പോൾ തന്നെ പക്വമതികളാകുന്നില്ല. ആർജ്ജിച്ചെടുക്കുകയാണ്. വ്യക്തിത്വ വളർച്ചയിൽ ഏറെ മുൻപോട്ട് പോയവരാണ് മഹാന്മാർ. ഒരു വ്യക്തിയുടെ ശാരീരിക, മാനസിക, വൈകാരിക, ബൗദ്ധീക, ആദ്ധ്യാത്മിക, സന്മാർഗ്ഗിക വളർച്ചയാണ് പക്വത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാൾക്ക് നല്ല പേഴ്സണാലിറ്റിയുണ്ട് എന്ന് പറയണമെങ്കിൽ വ്യക്തിത്വത്തിന്റെ ഈ ആറു ഘടകങ്ങളും വികാസം പ്രാപിച്ചിരിക്കണം. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ ജീവിതദശകളിലൂടെ ഈ ഘടകങ്ങൾ ഓരോന്നും സന്തുലിതമായി വളരണം. മന്ദബുദ്ധികളെയോ, സാമൂഹിക ബോധമില്ലാതെ ബാറിലിരുന്ന് മദ്യപിക്കുന്നവരെയോ, കുട്ടിത്തം വിടാത്ത നവവധുവിനെയോ നല്ല വ്യക്തിത്വത്തിന്റെ ഉടമകൾ എന്ന് പറയാൻ കഴിയില്ല.

ഒന്നു ചിന്തിക്കുക... എല്ലാം തികഞ്ഞവരായി ഈ ലോകത്താരുമില്ല. അപൂർവ്വം ചിലർ ബഹുമുഖ പ്രതിഭകളായേക്കാം. നിരന്തരപരിശ്രമം കൊണ്ട് മാത്രമേ

പ്രതിഭതെളിയിക്കാനാകൂ. ചെണ്ട കൊട്ടിപ്പാടിയാലേ നല്ല വാദ്യക്കാരനാകൂ... അദ്ധ്വാനിച്ചാലേ റാങ്ക് കിട്ടൂ... ആടിത്തളർന്നാലേ നല്ല നർത്തകരാകൂ... വിയർപ്പു പൊടിഞ്ഞാലേ വിജയം നേടൂ...
താൻ മോശക്കാരനാണെന്നും മറ്റുള്ളവരേക്കാൾ കുറഞ്ഞവനാണെന്നുമുള്ള അപകർഷതാബോധത്തിൽ നിന്ന്, ഉൽകൃഷ്ടനാണെന്ന അവ ബോധത്തിലേക്കുള്ള വളർച്ചയാണ് വ്യക്തിത്വവികസനമെന്ന് 'അഡ്ലർ' ചൂണ്ടിക്കാണിക്കുന്നു. നമുക്കും നമ്മുടെ അപകർഷതയിൽ നിന്ന് ഉത്കർഷതയിലേക്ക് വളരാം... നല്ല വ്യക്തിത്വം സ്വന്തമാക്കാം. യേശുനാഥൻ പറഞ്ഞതുപോലെ നമുക്ക് ലോകത്തിന്റെ പ്രകാശമായി മാറാം. അതാണ് ശരിയായ വ്യക്തിത്വനികസനം.

സി.ലിൻസ
മലയാളം അധ്യാപിക

}

# സ്നേഹതണൽ



എനിക്കേറെ പ്രിയമുള്ള ചേച്ചി
എന്റെ ജീവനായുള്ളൊരു ചേച്ചി
സനേഹത്തണലേകി നിൽക്കും-
എന്നുടെ
നന്മയുള്ളൊരു ചേച്ചി
എന്നെ സ്നേഹിക്കാൻ പഠിപ്പിച്ച
ചേച്ചി
സാഹോദര്യത്തിൻ നറുമണം
വിതറുന്ന
പൂവാണെന്നുടെ ചേച്ചി
ഓരോ കളിയിലും ഒത്തിരികാര്യങ്ങൾ
ഓതിത്തരുന്നൊരു ചേച്ചി

അനന്യ ഷൈജു
VII. A

## *കുഞ്ഞു മനസ്സിലെ കാരുണ്യം*


shutterstock.com · 128357456

ഒരിക്കൽ ഒരിടത്ത് ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയുണ്ടായിരുന്നു .അവളുടെ പേര് റോസ് മേരി എന്നായിരുന്നു. അവളെ സ്നേഹത്തോടെ റോസ് എന്നാണ് വിളിക്കുക. ദൈവത്തിനും മാതാപിതാക്കൾക്കും ഇഷ്ടപ്പെട്ട മകളായി വളർന്ന് വന്നു. നന്നായി പഠിക്കും,നല്ല മനസ്സ്, മറ്റുള്ളവരോട് നല്ല പെരുമാറ്റം, എന്നും പള്ളിയിൽ പോകും അങ്ങനെ കുറേ ഗുണങ്ങൾ ഇവളിലൂണ്ട്. ഇവൾ 3-ാം ക്ലാസ്സിൽ പഠിക്കുന്നു. അവളുടെ സ്കൂളിലെ എല്ലാവരും നല്ല കാശുകാരാണ്. അത് കൊണ്ട് ഇവളെ ആരും കൂടെ കൂട്ടിയില്ല. അപ്പോൾ ഇവൾ വിഷമിച്ചിരിക്കുമ്പോൾ ഒരു പുതിയ കുട്ടി ആ സ്കൂളിൽ വന്നു. പേര് ജാനറ്റ്. അവളും ഭയങ്കര പണക്കാരിയാണ്. പക്ഷേ അവൾ റോസിനെ കൂട്ടുകാരിയാക്കി കാരണം,റോസ് നന്നായി പഠിക്കുന്ന കുട്ടിയാണ്. അപ്പോൾ ഈ കുട്ടിക്ക് റോസിനെ കൊണ്ട് ഉപകാരം ഉണ്ടെന്ന് അറിയാവുന്നത് കൊണ്ട് ഇവൾ അങ്ങനെ പതുക്കെ റോസിൻെറ അടുത്ത് നല്ല സുഹൃത്തായി അഭിനയിച്ച് അവൾക്ക് ആവശ്യം

ഉള്ളതൊക്കെയും നേടി. ഓണം വരാറായി. ഇവർ ഓണാഘോഷം നടത്താൻ ശ്രമിക്കുകയായിരുന്നു. അന്ന് അവർ കുട്ടികൾ എല്ലാവരും ഉച്ച ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ അവരുടെ നേരെ ഒരു വൃദ്ധൻ ഇരിക്കുന്നു. മേൽ മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് വൃണങ്ങൾ വന്ന ഒരു ആൾ.അയാളെ കണ്ട എല്ലാവരും കാർക്കിച്ച് തുപ്പി,അവിടെ നിന്ന് കടന്നുപോയി.പക്ഷേ റോസ് പോയി സ്കൂൾ ബാത്തുറൂമിൽ നിന്ന് ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അയാളെ കുളിപ്പിച്ച് ശുദ്ധിയാക്കി. അയാളുടെ മുറിവിൽ കെട്ടാൻ മരുന്നിന് വേണ്ടി അവൾ സ്വയം മുറിവേൽപ്പിച്ചു ,കാരണം അപ്പോൾ  ടീച്ചർമാർ മുറിവിൽ വെക്കാൻ മരുന്ന് തരുമല്ലോ. അങ്ങനെ വിചാരിച്ചരീതിയിൽ മരുന്ന് കിട്ടി. അവൾ അത് അയാളുടെ അടുത്ത് കൊണ്ട്  പോയി. യാതൊരു മടിയും അറപ്പും ഇല്ലാതെ അയാളുടെ വൃണങ്ങൾ കഴുകി,മുറിവിൽ മരുന്ന് വച്ച് ശുശ്രൂഷിച്ചു. എന്നിട്ട് അവളുടെ കൈയിൽ ഉണ്ടായിരുന്ന ഉച്ച ഭക്ഷണം മുഴുവൻ അയാൾക്ക് കൊടുത്തു. എന്നിട്ട് അവൾ അവിടെ നിന്ന് പോയി. വീട്ടിലെത്തിയപ്പോൾ അവൾക്ക് പനി തുടങ്ങി. അവൾ സ്കൂളിലേത്തി ആരും അവളുടെ അടുത്തിരുന്നില്ല. കൂട്ടുകാരി ജാനറ്റിൻെറ അടുത്ത് ചെന്നു. അവൾ റോസിനെ ശല്യം എന്ന് പറഞ്ഞ് ആട്ടിപ്പായിച്ചു.

പക്ഷെ ഇതെല്ലാം കണ്ട് ദൈവം ഇരുപ്പുണ്ട്. അങ്ങനെ പനിമാറി ഓണക്കാലം വന്നെത്തി. ഓണത്തിന് എല്ലാവരും കടയിൽ നിന്ന് വാങ്ങിയ പൂക്കൾ കൊണ്ട്

പൂക്കളം ഇട്ടു .വിഭവ സമൃദ്ധമായ ഭക്ഷണമായി മാവേലിയെ കാത്തിരുന്നു .പക്ഷെ റോസ് ആണെങ്കിൽ അവളുടെ വീടിനരികിലുള്ള
ചെത്തി,തുമ്പ,കൃഷ്ണകിരീടം,മുക്കുറ്റി എന്നീ പൂക്കൾകൊണ്ട് ഒരു പൂക്കളം ഇട്ടു. രണ്ടു കറിയും കുറച്ചു ചോറുമായി അവൾ മാവേലിയെ കാത്തിരുന്നു .അന്ന് മാവേലി വന്നത് അവളുടെ വീട്ടിലാണ് അവൾ ഒരിക്കലും വിചാരിച്ചില്ല മാവേലി ഇവിടെ വരുമെന്ന്. അവൾ മാവേലിയോട് ചോദിച്ചു എന്താണ് കോടിശ്വരരുടെ വീട്ടിൽ പോകാതെ എന്റെ വീട്ടിൽ വന്നത് .അപ്പോൾ മാവേലി പറഞ്ഞു കാരണം നിന്റെ ഉള്ളിൽ നന്മ ഉള്ളത് കൊണ്ട്. നീഎന്നോട് കരുണ കാണിച്ചിരുന്നത് കൊണ്ട്. അവൾ ചോദിച്ചു ഞാൻ എപ്പോൾ അങ്ങയോട് കരുണ കാണിച്ചു. നീ ഒരു വൃദ്ധനെ സഹായിച്ചില്ലേ. ആ വൃദ്ധന്റെ വേഷത്തിൽ വന്നത് ഞാനായിരുന്നു. മറ്റാരും എന്നെ സംരക്ഷിച്ചില്ല. എല്ലാവരും എന്നെ ആട്ടി പായിച്ചു. എല്ലാവരും എന്നെ വെറുപ്പോടെ നോക്കി. കാർക്കിച്ച് തുപ്പി .എന്റെ അടുത്തു കൂടെ കടന്നു പോയി.
നീ എന്നെ ചേർത്തു പിടിച്ചു .അതുകൊണ്ട് ഈ ഓണം നിന്റെ കൂടെയായിരിക്കാൻ, നിന്റെ നല്ല മനസ്സിന് ദൈവം തന്ന സമ്മാനം. റോസിന് വളരെ സന്തോഷമായി അവൾ ദൈവത്തോട് നന്ദി പറഞ്ഞ് അവിടുത്തെ സ്തുതിച്ചു.
ഇതിൽ നിന്ന് കിട്ടുന്ന പാഠം ആൾക്കാരുടെ സമ്പത്തോ, ജാതിയോ, സൗന്ദര്യമോ, നോക്കിയല്ല ഒരു ആളെ മനസ്സിലാക്കേണ്ടത്  അവരുടെ മനസ്സിന്റെ വലുപ്പം നോക്കിയാണ്.

കൂട്ടുകാരെ ഇതുപോലെ നമുക്കും പ്രാർത്ഥിച്ചും, സ്നേഹിച്ചും, മറ്റുള്ളവരെ സഹായിച്ചും, നന്മകളും, ത്യാഗങ്ങളും ചെയ്ത് കൊച്ചുത്രേസ്യായുടെ തിരുനാളിനായി നമ്മുടെ ഹൃദയത്തെ ഒരുക്കാം ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

ജോസ്ന ഡിഗോൾ
VIII B

## എൻെറ അമ്മ



പൂത്തിരുവാതിരയെന്നമ്മ
പൂത്തുലയുന്ന വസന്തമമ്മ
പിറവിതൻനൊമ്പരം
മധുരമെന്നോതിയ
പരിപാവനയാണെന്നമ്മ

അറിവിൻെറ
നിറകുടനാളമായി
അടുത്തുവന്നിങ്ങെൻെറയടുത്തിരുന്നു
അഴകേറിയ എൻെറ അമ്മ

ഹൃത്തിൽ പതിഞ്ഞൊരീരടികൾ
അമ്മയ്ക്കു മുമ്പിൽ സമർപ്പിക്കട്ടെ
അങ്ങകലങ്ങളിലാണെങ്കിലുമമ്മേ.....
വാത്സല്യനിധിയായി ചാരെ എത്തുന്ന എൻ അമ്മ

നിഹിര സുധീർ

VII A

## ബൈനറി സംഖ്യകളുടെ കഥ



എനിക്കു 100 വയസ്സായി. 1000 വയസ്സായ എന്റെ ജ്യേഷ്ഠന്റെ 100 ഇരട്ടിയാണ് എന്റെ അമ്മയുടെ വയസ്സ്. എന്താ വിശ്വാസം വരുന്നില്ല അല്ലേ?ഇത് ഏത് ലോകത്തിലെ കാര്യമെന്നായിരിക്കും ! സംഖ്യകളുടെ ലോകത്തിൽ ഈ അത്ഭുതമൊന്നും ഉളവാകുന്നില്ല. ഇവ ബൈനറി സംഖ്യകളാണ് . വയസ്സെന്നാൽ...

$1*2^2+0*2^1+0*2^0=4$ വയസ്സെന്നേ അർത്ഥമുള്ളൂ.

$1000=1*2^3+0*2^2+0*2^1+0*2^0=8$ ആണ്.

അമ്മയുടെ വയസ്സ് എട്ടിന്റെ നാലിരട്ടിയാണ് 32. ഈ ബൈനറി സംഖ്യകളുടെ മുഖ്യ ഉപയോഗം കംപ്യൂട്ടറുകളിലാണ്.

പത്തു കൈവിരലുകൾ ഉള്ളതുകൊണ്ടാണ് മനുഷ്യൻ ദശാങ്കസമ്പ്രദായം ഉപയോഗിക്കാൻ തുടങ്ങിയത്. കംപ്യൂട്ടറിന്റെ അടിസ്ഥാന ഘടകം വൈദ്യുത സർക്യൂട്ടുകളാണല്ലോ.ഒരു വൈദ്യുത സർക്യൂട്ടിന് കറന്റൊഴുകുക, അതായത് ഓൺ .ഒഴുകാതിരിക്കുക ,അതായത് ഓഫ് എന്ന രണ്ടു നിലകളേയുള്ളൂ.അതിനാൽ കംപ്യുട്ടറുകളിൽ ബൈനറി സംഖ്യകൾ ഉപയോഗിക്കാം.കംപ്യൂട്ടറുകളിൽ രണ്ടു വിരലുകളേയുള്ളു എന്നർത്ഥം.കാന്തികത്വവും ബൈനറി സംഖ്യകൾക്കു വഴങ്ങും.

ബൈനറി സംഖ്യകൾ കണക്കു കൂട്ടാൻ മാത്രമല്ല യുക്തിയെ യന്ത്രവൽക്കരിക്കാനും ഉപയോഗിക്കാം.1 ശരി 0 തെറ്റ് ഇവ ഉപയോഗിച്ച് യുക്തി ബന്ധങ്ങൾ സ്ഥാപിക്കാവുന്നതാണ്.

0-1=00-1=01-0=01-0=0

അഥവാ ഒരാൾക്ക് രണ്ടു തോടുകൾ കടന്ന് മറ്റൊരു ഗ്രാമത്തിലേക്ക് പോകണമെന്നിരിക്കട്ടെ.ഒന്നാമത്തേയും രണ്ടാമത്തേയും തോടുകൾക്ക് പാലമുണ്ടെങ്കിലേ അയാൾക്കവിടെ എത്താൻ പറ്റൂ.ഏതെങ്കിലും ഒന്നിനുമാത്രം പാലമുണ്ടെങ്കിലും അയാൾക്ക് അവിടെ എത്താൻ സാധിക്കുകയില്ല. ഇതു പോലെ മൂന്ന് പ്രാഥമിക ബന്ധങ്ങൾ ഉപയോഗിച്ച് ആവശ്യമായ യുക്തി


വിചാരം യന്ത്രങ്ങളെ കൊണ്ട് നടത്തിക്കാവുന്നതേയുള്ളൂ.

നസ്രിൻ സി എ

VIII-D

## 'ഭാഗ്യമോ,നിർഭിഗ്യമോ?'

'Good luck Bad luck, who  knows?'.........
ഭാഗ്യമോ നിർഭാഗ്യമോ, ആരറിഞ്ഞു പറഞ്ഞു കേട്ടിട്ടുള്ള പഴയ ഒരു കഥയാണ്. പ്രായമായ ഒരു മനുഷ്യൻ കഷ്ടപ്പെട്ട് അധ്വാനിച്ച് ജീവിച്ചു. തന്റെ ഭാര്യയും മകനും ഒരു കുതിരയുമായിരുന്നു ആകെ സ്വത്ത്. ഒരു പ്രഭാതത്തിൽ തന്റെ കുതിരയെ കാണാതെ പോയി. നാട്ടുകാർക്കെല്ലാം സങ്കടമായി.




പാവം മനുഷ്യൻ അയാളുടെ നിർഭാഗ്യം. തന്നോട് സഹതപിച്ചവരോട് ആ മനുഷ്യൻ പറഞ്ഞുപോലും , - Bad luck, Good luck who knows ? നിർഭാഗ്യമോ, ഭാഗ്യമോ ആരറിഞ്ഞു? കുറെ ദിവസങ്ങൾക്കുശേഷം അതാ തന്റെ നഷ്ടപ്പെട്ട കുതിര വനത്തിൽ നിന്ന് കുറെ കാട്ടുകുതിരകളെയും കൂട്ടി മടങ്ങിവന്നു. പാവം മനുഷ്യന് ഇപ്പോൾ നിറയെ കുതിരകളായി. നാട്ടുകാർ പറഞ്ഞു- What a Good luck? എന്തൊരു ഭാഗ്യം. അപ്പോഴും ആ മനുഷ്യൻ പറഞ്ഞു. ഭാഗ്യമോ നിർഭാഗ്യമോ ആരറിഞ്ഞു. പുതിയ കാട്ടുകുതിരകളെ മെരുക്കി എടുക്കാനും മറ്റും പ്രയത്നിച്ച ഇടയ്ക്ക് മകൻ വീണ് കൈ ഒടിഞ്ഞു. അപ്പോൾ നാട്ടുകാർ  പറഞ്ഞു. പാവം മനുഷ്യന് വീണ്ടും നിർഭാഗ്യം. മനുഷ്യൻ പഴയ പല്ലവി തന്നെ ആവർത്തിച്ചു. ഭാഗ്യമോ,

നിർഭാഗ്യമോ, ആരറിഞ്ഞു. അടുത്ത ദിവസങ്ങളിലാണ് രാജ്യാതിർത്തിയിൽ യുദ്ധമുണ്ടാവുകയും എല്ലാ ചെറുപ്പക്കാരെയും നിർബന്ധിത മിലിട്ടറി സേവനത്തിനായി കൊണ്ടുപോവുകയും ചെയ്യുത്. കൈ ഒടിഞ്ഞിരുന്ന മകനെ പട്ടാളക്കാർ ലിസ്റ്റിൽ പെടുത്താതെ പോയി. അപ്പോൾ നാട്ടുകാരുടെ ഊഴം.'ഓ എന്തൊരു ഭാഗ്യം'? അപ്പോഴും ആ വന്ദ്യവയോധികൻ പറഞ്ഞുപോലും 'ഭാഗ്യമോ നിർഭാഗ്യമോ ആരറിഞ്ഞു? ജീവിതാനുഭവങ്ങളെ ഭാഗ്യമായും നിർഭാഗ്യമായും വേർത്തിരിക്കുന്നത് മനുഷ്യസഹജമാണ്. പക്ഷേ, അൽപം ആഴത്തിൽ ചിന്തിച്ചാൽ എന്താണ് ഭാഗ്യം എന്താണ് നിർഭാഗ്യം എന്നത് കേവലം ഒരു സംഭവത്തിന്റെ നൈമിഷികതയിൽ നിർണയിക്കാനാവില്ല എന്നതല്ലേ സത്യം? മനുഷ്യജീവിതത്തിന്റെ ആഴങ്ങളും സങ്കീർണതകളും അറിയാവുന്നിടത്ത് ,ഒന്ന് ഭാഗ്യവുമില്ല; മറ്റൊന്ന് നിർഭാഗ്യവുമല്ല. എല്ലാം അനുഭവങ്ങൾ മാത്രം. അനുഭവങ്ങളെ എങ്ങനെ കാണുന്നു എന്നതാണ് കാര്യം. മനുഷ്യസമൂഹം ഇന്ന് നേടിയെടുത്ത അപാരമായ നേട്ടങ്ങൾ ഭാഗ്യമോ, നിർഭാഗ്യമോ? ബഹിരാകാശത്തിൽ താമസമുറപ്പിക്കാൻ മാത്രം ജീവന്റെ സൃഷ്ടിവരെ സാധ്യമാക്കുന്ന തരത്തിലുള്ള നേട്ടങ്ങൾ അനുഗ്രഹമോ, ശാപമോ? ഒട്ടനവധി നേരങ്ങളിൽ സാഹചര്യങ്ങളിൽ അത് അനുഗ്രഹമായി മാറുന്നു. മറ്റ് നേരങ്ങളിൽ അപകടമായും ദുരന്തമായും മാറുന്നു. എല്ലാറ്റിനെയും ഭാഗ്യമായും നിർഭാഗ്യമായും കാണുന്ന രീതിയ്ക്കുപകരം എല്ലാ അനുഭവങ്ങളെയും യാഥാർത്ഥ്യങ്ങളായി

കാണാനും, അവയെ അംഗീകരിക്കാനും, നേരിടാനും, നേരിടലിലൂടെ വളരാനും കഴിയുന്ന ഒരു സമീപനമല്ലേ ആരോഗ്യപരമായിട്ടുള്ളത്. മൂന്നു ദശകത്തോളം സൗത്താഫ്രിക്കൻ ജയിലുകളിൽ കഴിഞ്ഞ നെൽസൺ മണ്ടേല ഭാഗ്യവാനോ? നിർഭാഗ്യവാനോ? ഒരു ജനതയുടെ മുഴുവൻ സ്വപ്ന സാക്ഷാത്കാര മുഹൂർത്തങ്ങളിൽ വെടിയേറ്റു മരിച്ച, സ്വപ്നം പൂർത്തീകരിക്കാതെ വീണു പോയ മഹാത്മാഗാന്ധി ഭാഗ്യവാനോ, നിർഭാഗ്യവാനോ? സ്നേഹത്തിന്റെ ഭാഷ സംസാരിച്ചിട്ടും പരസ്നേഹത്തിൽ മാത്രം ജീവിച്ചിട്ടും കടലോളം സ്നേഹം നൽകിയിട്ടും കുരിശിലേറി മരിക്കേണ്ടിവന്ന യേശുനാഥൻ ഭാഗ്യവാനോ, നിർഭാഗ്യവാനോ?

ദിവസം മുഴുവൻ അധ്വാനിച്ചിട്ടും, എല്ലുമുറിയെ പണിചെയ്തിട്ടും തന്റെ മക്കൾക്ക് വയറുനിറയെ ഭക്ഷണം കൊടുക്കാൻ പറ്റാതെ തേങ്ങുന്ന പിതാവ് ഭാഗ്യവാനോ? നിർഭാഗ്യവാനോ?

ഇതൊന്നും ഭാഗ്യവും നിർഭാഗ്യവുമല്ല. യാഥാർത്ഥ്യങ്ങളാണ്. നേരിടാനും അംഗീകരിക്കാനും, വെല്ലുവിളിക്കാനുമുള്ള തന്റേടം നമുക്ക് ഉണ്ടാകുമോ?

സി.ശാലീന
മലയാളം അധ്യാപിക

# നന്മ പൂക്കുന്നൊരിടം



നന്മതൻ പൂക്കൾ വിടരുന്നിവിടം
പൂന്തോട്ടമാകുന്ന വിദ്യാലയം
പൂമൊട്ട് പോൽ വിടരുന്നു നാം
വിദ്യയാകുന്ന തേൻ നുകരുന്നിവിടെ
എന്നും തൊട്ടുതലോടുന്ന ഗുരുതൻ
അരികിൽ ഉരസി നിൽക്കുന്നിതാ
കാറ്റൊന്നു ആടിയാടി ഉല്ലാസത്തോടെ നാം
ഓരോ പ്രതിസന്ധിയിലും തൻ വേരിൽ

ഞാൻ ഉറച്ചു നിന്നനേരം
എന്നിലെ ചീന്തകൾ ഒന്നു വീണടർന്നു പോയി
എൻ ജീവനുള്ള കാലം
പ്രകാശമായി നിന്നു ഞാനും
ഉന്മേഷമായി ഉത്സാഹമായി എന്നുമേന്നും

## നദിയോട്



ഒരു ദിനാന്തത്തിൽ
നദിയുടെ തീരത്ത്
ഏകനായ് ഞാനൊന്ന്
നിന്നുപോയി.
ആകാശഗംഗതൻ മനോ
പ്രതിധ്വനിയാൽ
തങ്കതൊലുസിട്ട സ്വർണ്ണ
നദി
ചന്തം നിറക്കുകി കള കള നാദത്തിൽ
ഉല്ലസിച്ചൊഴുകുന്ന കാട്ടരുവി
നിലാവിൽ നീലിമയിൽ തിളങ്ങുന്ന പൂഞ്ചോലകൾ
നദി തൻ മനോഭംഗികൾ ഞാനസ്വദിച്ചുനിൽക്കവേ
തെന്നൽക്കാറ്റെന്നെ തലോടി പോയെവിടെയോ
ഇന്നെൻ നദി ഒഴുകുന്നത് കണ്ടെൻ
കണ്ണീർ തുള്ളികൾ നദിയോടെ ഒഴുകിപ്പോയ്
മർത്യപാപമേറ്റുവാങ്ങിയെൻ നദി
മൂകയായൊഴുകി പോയെവിടെയോ
പാപത്തിൽ തിളങ്ങുന്ന നദിതൻ ദിനാന്ത്യം
പ്രളയമായ് വന്ന് ഹൃദയം തകർത്തുവോൽ.

പൂർണ്ണിമ പി.പി
IX C

## *നാഥന്റെ വരവിനായ്*

ഒരു മഴത്തുള്ളി പോൽ ആത്മാവിലലിയുന്ന
സ്നേഹമാണെന്നീശോ നാഥൻ
പുൽനാമ്പിലൂറുന്ന
മഴമഞ്ഞുത്തുള്ളി പോൽ



മാറോടുചേർക്കുന്നു നാഥൻ
എന്നെ
മാറോടുചേർത്തണയ്ക്കുന്നു
നാഥൻ

നീറും നിരാശയിൽ
മനതാരിലൂറുന്ന
നൊമ്പരമൊക്കെയും
പുലർമഞ്ഞുപോൽ
തരളിതമാക്കി നീ എൻ മാനസത്തെ
സ്നേഹാമൃതം എന്നിൽ ചൊരിഞ്ഞിടുന്നു

നിനക്കായ് ഞാനെന്നും കാത്തിരിപ്പൂ
നിൻ വരവിനായ് ഞാൻ പ്രതീക്ഷയോടെ
അണയുക നാഥ എന്നരികെ
തെളിനീരുപോലെൻ ജീവിതത്തിൽ

എയ്ഞ്ചൽ റോബി
VIII A

## *വിദ്യാർത്ഥികളും അച്ചടക്കവും*

ജീവിതപ്പാത സുസ്ഥിരവും സുഗമവും ആവണമെങ്കിൽ ആവശ്യം വേണ്ട ഘടകം അച്ചടക്കം തന്നെയാണ്. അച്ചടക്കം മൗനം പാലിക്കൽ അല്ല. വേണ്ട സമയത്ത് വേണ്ടതുപോലെ പ്രവർത്തിക്കകയാണ് അച്ചടക്കത്തിന്റെ മൗലികത. ഈ പറഞ്ഞ കാര്യം



വിശദീകരണമർഹിക്കുന്നതാണ്. ശബ്ദ മുഖരിതവും ആവശ്യമില്ലാത്ത വാക്ക് വിതറിയുള്ള സംഭാഷണവും അനാവശ്യമാണ്. അത് ഒന്നാമതായി അർത്ഥ യുക്തമല്ലാത്ത വാക്കുകൾ പ്രയോഗിച്ച് മറ്റൊരാളുടെ എതിർപ്പ് വലിച്ച് വയ്ക്കുന്നു. ആവശ്യമില്ലാത്ത പദപ്രയോഗങ്ങളിലൂടെ തെറ്റായ ബോധം മറ്റുള്ളവരിൽ ഉണ്ടാക്കുന്നു. അതുകൊണ്ട് തന്നെ അച്ചടക്കം എല്ലാക്കാര്യത്തിലും പാലിക്കുക നല്ലതാണ്. ശരിയായ ഒരു ജീവിതക്രമം,
അനുസരണശീലം, നല്ല പെരുമാറ്റം, തുടങ്ങിയ എല്ലാകാര്യങ്ങളും വ്യക്തികൾക്കും, വിദ്യാർത്ഥികൾക്കും ആവശ്യമാണ്. അച്ചടക്കത്തിൽ അധിഷ്ഠിത ഗുരു ശിഷ്യ

ബന്ധം പണ്ടുണ്ടായിരുന്നു. ഇന്നത്തേതിൽ നിന്ന് വളരെ വ്യത്യാസപ്പെട്ട ജീവിതാന്തരീക്ഷമാണ് പണ്ടുണ്ടായിരുന്നത്.

ആ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് അച്ചടക്കം ഇല്ല ക്ലാസ്സുകളിൽ എന്തു ബഹളമാണ്; ഒരു അച്ചടക്കവുമില്ല. ഇങ്ങനെ അച്ചടക്കമില്ലാത്ത സമൂഹം രാഷ്ട്രത്തിന് ആപത്താണ് .അച്ചടക്കമില്ല എന്ന് പറയുമ്പോൾ ശബ്ദ മുഖരിതമായ അന്തരീക്ഷം മാത്രമേ വക്താവ് ഉദ്ധശിക്കുന്നുള്ളൂ ,കുട്ടികൾ മിണ്ടാതിരുന്നാൽ മതി . ആ സ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു അച്ചടക്കമില്ലെന്നും പറയുമ്പോൾ ഉദ്ധശിക്കന്നത് കേവലം ശബ്ദമല്ല; അച്ചടക്കമെന്ന ഗുണത്തിൽ മറ്റെന്തെല്ലാമോ ഉണ്ടെന്നു വരുന്നു. ആത്മസംയമനം നശിക്കുമ്പോൾ അച്ചടക്കരാഹിത്യം ജനിക്കുന്നു.

ഒരു വിദ്യാർത്ഥിയിലും അച്ചടക്കം അടിച്ചേൽപ്പിക്കാൻ ആവില്ല. അത് സ്വയം ശീലികേണ്ട ആത്മഗുണമാണ് മറ്റൊരാളെ ബോധ്യപ്പെടുത്താൻ വേണ്ടി ശീലിക്കുന്ന ഒന്നല്ല അച്ചടക്കം. വിദ്യാർഥിക്കു സ്കൂളിലും സമൂഹത്തിലും ലഭിക്കുന്ന അംഗീകാരമാണ് അത്. കുട്ടികളിൽ അച്ചടക്കരാഹിത്യം ജനിക്കുന്നത് സംഘം ചേരുമ്പോഴാണ്. ഒരുമ ശരിയായ തലത്തിലേക്ക് തിരിച്ച് വിടാൻ വിദ്യാലയ അധികൃതർക്ക് കഴിയണം. വിദ്യാർത്ഥികളിൽ അച്ചടക്കം വർദ്ധിപ്പിക്കാനാണ് എൻ.സി.സി. സ്കൗട്ട്, നാഷണൽ സർവീസ് സ്ക്കീം എന്നിവ. സ്വയബോധവും സമ്പാദ്യശീലവും ഇത് വർ-ദ്ധിപ്പിക്കും. വരും തലമുറ ലക്ഷ്യമുള്ളവരാകുകയും

ചെയ്യും.

അലീന തോമാസ്
IX B

# പ്രകൃതിയാകുന്ന അമ്മേ... ക്ഷമിക്കണേ



ഒരിക്കൽ കൂടി ഒരു പരീക്ഷണം നേരിടാൻ വയ്യ എന്നു പറയുമ്പോൾ നമ്മൾ ഒരു കാര്യംകൂടി ഓർക്കണം, നാം ഒരോരുതരും നമ്മുടെ അമ്മയായ പ്രകൃതിയെ ഒരുപാട് നോവിച്ചു അതിന്റെ മറുപടിയായാണ് പ്രകൃതി നമ്മൾക്കൊരൊരുത്തർക്കും പ്രളയം എന്ന സമ്മാനം തന്നത്.

നമ്മൾ പ്രകൃതിക്ക് കൊടുത്തതിൽ വേണ്ടാത്ത സമ്മാനങ്ങൾ പ്രകൃതി തിരിച്ചുതന്നു. ഇനിയും നമ്മൾ പ്ലാസ്റ്റിക്കും മാലിന്യങ്ങളും പ്രകൃതിക്കു നൽകുകയാണെങ്കിൽ നമ്മൾ ഇനിയും അതിന്റെ ഭവിഷത്ത് നേരിടും. അതിനാൽ നമ്മുക്ക് തീരുമാനിക്കാം നമ്മളിനി ഒരിക്കലും പ്രകൃതിയെ കഷ്ടപ്പെടുത്തില്ല.

സാന്ദ്ര കൃഷ്ണകുമാർ

VII B

## *വിജയമന്ത്രങ്ങൾ*

സന്തോഷം ഒരു ആന്തരിക ഭാവമാണ്.ഹൃദയസമാദധാനവും മനശാന്തിയുമാണ് അതിന്റെ തായ്‌വേര്.



If you wish to be happy for a day,kill a pig.If you wish to be happy for a week,take a wife.If you wish to be happy for all your life,cultivate a garden.

സ്വയം വിലയിരുത്തി എന്റെ കഴിവുകൾ കണ്ടെത്തി സിദ്ധികൾ പരമാവധി വികസിപ്പിക്കുക.എനിക്ക് ഞാനാകാനേ കഴിയൂ, എന്നാലും അനന്തമായ കഴിവുകൾ എന്നിലുറങ്ങുന്നുണ്ട്.

A human being's first responsibility is to shake hands with himself.

സംഭവിച്ചതൊക്കെ നല്ലതിന്

സംഭവിച്ചുക്കൊണ്ടിരിക്കുന്നതും നല്ലതിന്, സംഭവിക്കാനിരിക്കുന്നതും നല്ലതിന് എന്ന ദർശനം നെഞ്ചിലേറ്റി നീങ്ങുക.

In enjoyment there is the fear of dis case in wealth , the fear of thieves. In honour, be fear of old age; in body the fear of death . For men , all things of this world are attended with fear. Renunciation alone assures fearlessness.

വിമർശനങ്ങൾ സർഗാത്മകവും വസ്തുനിഷ്ടവുമാകണം എങ്കിലേ വളർച്ചക്കു  വളവും ജലവുമാകു.വിവർശനങ്ങളിൽ തളരാതെ മുന്നേറാൻ എപ്പോഴും ശ്രദ്ധിക്കുക.

In judging others,a man labours to no purpose,commonly errors and easily sins. But in examining and judging himself. He is always wisely and usefully employed.

ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നല്ലതിനാണ് ദു:ഖദുരിതങ്ങളിൽ വ്രണിതാനുഭവങ്ങളിലും ഇതുതന്നെയാകണം മനോഭാവം

God bring men in to deep wakers not to drown them,clean them.

മോശമായി പെരുമാറുന്നവരോടുപ്പോലും നല്ലരീതിയിൽ ഇടപഴകാൻ കഴിയണം.മനസ്സിനെ ശുഭചിന്തകളാൽ സജ്ജമാക്കുന്നവർക്കു ലഭിക്കുന്ന വരമാണിത്.

two men look out through the same bars. one sees the mud,and one the stars,if winter comes,can spring be behind.

സ്വയം ആദരിക്കുന്നവർക്ക് സ്വന്തം കഴിവുകളിൽ അഭിമാനം ഉണ്ടായിരിക്കും. സ്വയം അംഗീകരിക്കാത്ത വ്യക്തി തന്നെ തന്നെ വെറുക്കുകയും മറ്റുള്ളവർ തന്നെ വെറുക്കുന്നുവെന്നു ചിന്തിക്കുകയും ചെയ്യുന്നു.

A strong positive self image is the best possible preparation for success in life.

പോയ സമയത്തെക്കുറിച്ച് വ്യാകുലപ്പെടാതെ കിട്ടുന്ന സമയം ഫലപ്രതമായി ഉപയോഗിക്കുക. സമയത്തെ നിയന്ത്രിക്കുക. അതിനെ നമ്മുടെ വരുതിയിൽ നിർത്തുക. അങ്ങനെ നാം സമയത്തിന്റെ യജമാനൻമാരാകും.

Remember that time is money.

മോഹഭംഗങ്ങളും ദു:ങ്ങളുമെല്ലാം ഉണ്ടാകുന്നത് നമ്മുടെ

ആഗ്രഹങ്ങളിൽ നിന്നും ലക്ഷ്യങ്ങളിൽ നിന്നുമാണ്.നേടേണ്ട ലക്ഷ്യങ്ങൾക്കു പരിധി നിശ്ചയിച്ചാൽ പല പ്രശ്നങ്ങൾക്കും പരിഹാരമായി.

Fruit- ladden trees bent down to Earth. The water – ladden clouds hang. Low, good men are not puffed by power. The unselfish are by nature lumble.

ദൈവേഷ്ടം സ്വീകരിക്കാനുള്ള സന്നദ്ധത എപ്പോഴും പ്രകടിപ്പിക്കുക.നിങ്ങൾക്കാവശ്യമുള്ളത് ചോദിക്കുക.എങ്കിലും ദൈവം തരുന്നത് സ്വീകരിക്കുവാൻ തയ്യാറായിരിക്കുക.നിങ്ങൾ ചോദിക്കുന്നതിനേക്കാൾ ഒരുപക്ഷെ നല്ലത് അതായിരിക്കും.

God often visit us,but most of the time we are not at home.

സി.ഹന്ന CMC
ഹിന്ദി അധ്യാപിക

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്



26 June 2018 ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബിന്റെ ഏകദിന ക്യാമ്പ് ബഹുമാനപ്പെട്ട HM സി. റോസ്‌ലറ്റ് ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് കൊ-ഓർഡിനേറ്റർ ആയ സുഭാഷ് സാറിന്റെ നേതൃത്വത്തിലായിരുന്നു ക്യാമ്പ് .ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ആറ് വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ചു. ഇലക് ട്രോണിക്ക് ഉപകരണങ്ങളായ Desktop, Laptop,Tablet, Printer,Scanner, Projector എന്നിവയായിരുന്നു ഗ്രൂപ്പുകൾ. അഞ്ച് സെഷനിലൂടെ ഐ.ടി യുടെ വിവിധ മേഖലകളെ പരിചയപ്പെട്ടു.

വിവിധ ഇലക്ട്രോണിക്ക് ഉപകരണങ്ങളെ പരിചയപ്പെടുത്തുന്നതായിരുന്നു ആദ്യത്തെ സെഷൻ. ഇലക് ട്രോണിക്ക് ഉപകരണങ്ങളും അവയുടെ ഉപയോഗവും എഴുതിയായിരുന്നു മത്സരം. ഏറ്റവും കൂടുതൽ ഇലക്ട്രോണിക്ക് ഉപകരണങ്ങളും അതിന്റെ ഉപയോഗവും എഴുതിയ ടീമിന് 20,18,16,14,12,10 എന്നീ ക്രമത്തിൽ മാർക്കുകൾ ലഭിച്ചു.

രണ്ടാമത്തെ സെഷൻ പൊതുവിദ്യാഭ്യാസസംരക്ഷണത്തിന്റെ ഭാഗമായുള്ള hi-teach സ്കൂൾ പദ്ധതിയും, ലിറ്റിൽ കൈറ്റ്സ് പദ്ധതിയും കൂടുതൽ അറിയലായിരുന്നു. അതോടൊപ്പം ഒരോ ലിറ്റിൽ കൈറ്റിന്റെയും ഉത്തരവാദിത്ത്വങ്ങളും ആരാണ് ഒരു ലിറ്റിൽ കൈറ്റെന്നും അറിയലായിരുന്നു. മൂന്നാമത്തെ സെഷനിൽ മൂന്നുഭാഗങ്ങളായി മത്സരങ്ങൾ നടത്തി. ഒന്നും രണ്ടും ഭാഗങ്ങൾ scratch- ൽ ഗെയിം കളിച്ച് ഏറ്റവും മാർക്ക് സ്കോർ ചെയ്യുകയും മൂന്നാമത്തെ ഭാഗം നിർദ്ദേശിച്ച ഒരു സ്കാച്ചിൽ ചെയ്യുകയും ആയിരുന്നു.

നാലാമത്തെ സെഷനിൽ കൈറ്റ് പ്രൊജക്റ്റർ എങ്ങനെ പ്രവർത്തിപ്പിക്കാം എന്നായിരുന്നു.ഒരോ ലിറ്റിൽ കൈറ്റ് പ്രൊജക്റ്റർ പ്രവർത്തിപ്പിക്കുന്നതിൽ തൽപരരായി ഈ സെഷൻ സധിച്ചു. Display settings, sound settings,keystone arrangement എന്നീ വിവിധ കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. അഞ്ചാമത്തെ സെഷൻ mobile app making ആയിരുന്നു. Mobile app നിർമ്മാണം എങ്ങനെയാണെണെന്ന് ഇതിലൂടെ മനസ്സിലായി. തികച്ചും അറിവ് ലഭിക്കുന്നതും ഉത്സാഹഭരിതവും ആയിരുന്നു.ഏകദിന ക്യാമ്പ് അഞ്ച്സെഷനിലെ വിവിധ മത്സരങ്ങൾക്കൊടുവിൽ laptop ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി.ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തർനന്ദി

പ്രകാശിപ്പിച്ചു. HM സി.റോസ്ലറ്റ്,Little kite മിസ്ട്രസ്മാരായ ഫിൽസി ടീച്ചർ, സ്റ്റോഫി ടീച്ചർ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.



എല്ലാ ബുധനാഴ്ച്ചകളിലും നാലുമണി മുതൽ അഞ്ചുമണിവരെ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാരുടെ നേതൃത്വത്തിൽ പതിവുക്ലാസ്സുകൾ കൃത്യമായി നടക്കുന്നു.......................

# നന്ദി

കുരുന്നു ഭാവനകൾക്ക് നിറക്കൂട്ടൊരുക്കാൻ -
കൽക്കരിക്കട്ടയെ പൊന്നാക്കി മാറ്റാൻ -
രാവിനെ
പകലാക്കിയ,
മാഗസിൻ കമ്മറ്റിയിലെ ഓരോരുത്തർക്കും
വിലയിടാനാവാത്ത നന്ദി.....
ഈ ദൗത്യത്തിന്റെ ചുക്കാൻ പിടിച്ച് ഓടിനടന്നതും
ഒപ്പമിരുന്നതും നിറക്കൂട്ടൊരുക്കിയതും സിസ്റ്റർ
ശാലീനയാണ്.
ആ ആത്മാർത്ഥതയ്ക്ക്,അർപ്പണത്തിന് നന്ദി...
ഒരുപാട് നന്ദി....
"ടെക്ക് ബീറ്റ്സ്" നെ മനോഹരമായ ലേ
ഔട്ടിലൂടെ
ആകർഷകമാക്കുകയും നിർലോഭമായ
സഹകരണത്തിനും
സ്വാർത്ഥകമായ ഇടപെടലുകൾക്ക് ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളോട് .....
സന്ദേശങ്ങളും ആശംസകളും നൽകി
മാഗസിനെ
പ്രൗഢഗംഭീരമാക്കിയ
കുട്ടികളോട്
മാഗസിൻ ഒരു യാഥാർത്ഥ്യമാവുന്നതിന്
പ്രോത്സാഹനവും

സഹകരണവും നൽകി കൂടെനിന്ന അദ്ധ്യാപകരോട്.....
രചനകളുടെ ശേഖരണത്തിന് ആദ്യ കാൽവയ്പ്പുകൾ
നടത്തിയ ഫിൽസി ടീച്ചർക്കും സ്റ്റോഫി ടീച്ചർക്കും,
രചനകൾ നൽകിയ നിങ്ങൾ
ഓരോരുത്തരോടും.....സർവ്വോപരി;
'ഒപ്പമുണ്ട്, ഒന്നിനും കുറവുവരരുത്......
പ്രൗഢവും മനോഹരവും ആവണം എന്ന് '
എപ്പോഴും ഓർമ്മപ്പെടുത്തുന്ന ഹെഡ്മിസ്ട്രസ് സിസ്റ്റർ
റോസ് ലറ്റിനോട്......
തുറന്നുകാണാൻ തിടുക്കം കൂട്ടി കാത്തിരിക്കുന്ന
കൂട്ടുകാരെ,
നിങ്ങളോട്.... നിങ്ങൾ ഓരോരുത്തരോടും......
നന്ദി
ഹൃദയ
പൂർവ്വം
ചീഫ്എഡിറ്റർ



ടെക്ക് ബീറ്റ്സ്



With best complement from:

Little kite members 2018-19

Little flower convent high school Irinjalakuda

Registration No: LK/2018/23027